# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഗുരുവായൂര് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം 2) 294/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഗുരുവായൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(എം 2) 294/2022 തീയ്യതി: 06/06/2022

## തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 21-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ഷോബി വി.പി., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
2) ബേബി.പി.വി. ഓഡിറ്റ് ഓഫീസർ
3) മീര.ടി., ഓഡിറ്റ് ഓഫീസർ
4) ഷൈനി കൃഷ്ണദാസ്.ഇ. അസി.ഓഡിറ്റ് ഓഫീസർ
5) സ്റ്റാൻലി പി.എസ്., അസി.ഓഡിറ്റ് ഓഫീസർ
6) ജോമോൻ ഇ.കെ,അസി.ഓഡിറ്റ് ഓഫീസർ
7) അനീറ്റ ഡൊമനിക്, ഓഡിറ്റർ
8) സ്വാലിഹ്. സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രതി എം. | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| എ.എസ്. ശ്രീകാന്ത് (അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | ചെയർമാൻ | 12-11-2020 | 27-12-2020 |
| എം. കൃഷ്ണദാസ് | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീകാന്ത് എ.എസ് | സെക്രട്ടറി | 01-04-2020 | 23-05-2020 |
| ചാർജ്ജ് ആരുമില്ല | സെക്രട്ടറി | 24-05-2020 | 31-05-2020 |
| ഷിബു.പി.എസ് | സെക്രട്ടറി | 01-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സബിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ഗ്രീഷ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ശ്രീജ | എസ്.സി.ഡി.ഒ | 01-04-2020 | 31-03-2021 |
| പി.ഇ ലതിക | എച്ച്.എം. ജി.യുപി.എസ് | 01-04-2020 | 31-05-2020 |
| ചാർജ്ജ് ആരുമില്ല | എച്ച്.എം. ജി.യുപി.എസ് | 01-06-2020 | 14-06-2020 |
| സതീഷ് കുമാർ | എച്ച്.എം. ജി.യുപി.എസ് | 15-06-2020 | 31-03-2021 |
| ഉഷ | എച്ച്.എം ജിഎച്ച്എസ് | 01-04-2020 | 31-03-2021 |
| മൂസക്കുട്ടി | എച്ച്.എസ് . | 01-04-2020 | 30-04-2020 |
| ചാർജ്ജ് ആരുമില്ല | എച്ച്.എസ്. | 01-05-2020 | 07-05-2020 |
| സജീവ് ആർ | എച്ച്.എസ് . | 08-05-2020 | 31-03-2021 |
| രശ്മി | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| മനോജ് | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 19-02-2021 |
| ടോണി | അസിസ്റ്റൻറ് എഞ്ചിനീയർ | 20-02-2021 | 31-03-2021 |
| ലീല ഇ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| പ്രകാശ് | പ്രൊജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ജിഫി | പ്രൊജക്ട് ഓഫീസർ | 04-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ. മഹാലിംഗേശ്വർ | സി.എം.ഒ | 01-04-2020 | 31-03-2021 |
| ഡോ.ലസിത | മെഡിക്കൽ ഓഫീസർ | 01-04-2020 | 26-05-2020 |
| ഡോ. റംസി | മെഡിക്കൽ ഓഫീസർ | 27-05-2020 | 31-03-2021 |
| സ്നേഹ.വി.ജോസ് | എ എഫ് ഒ | 01-04-2020 | 15-06-2020 |
| ശശീന്ദ്ര | എ എഫ് ഒ | 16-06-2020 | 31-03-2021 |
| ഡോ.നിർമ്മൽ | വെറ്ററിനറി സർജൻ, പൂക്കോട് | 01-04-2020 | 09-09-2020 |
| ഡോ.അഷ്റഫ് | വെറ്ററിനറി സർജൻ, പൂക്കോട് | 10-09-2020 | 31-03-2021 |
| ബീന | പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jomon E K (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jomon E K (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jomon E K (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Stanley P S (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Stanley P S (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Stanley P S (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 06-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Stanley P S (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11 |
| 12 | ഗ്രാന്റ് സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Jomon E K (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-1 |
| 13 | വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-2 |
| 14 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-11-3 |
| 15 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-11-4 |
| 16 | വരുമാനങ്ങൾക്ക് മുൻകൂർ തുക ലഭിച്ചത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-11-5 |
| 17 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ | 1-11-6 |

| | | |
|---|---|---|
| | Written By: Jomon E K (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | |
| 18 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Jomon E K (Asst. Audit Officer, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-7 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-8 |
| 20 | ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-9 |
| 21 | അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്<br>Written By: Anita Dominic (Auditor, On 13-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-11-10 |
| 22 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെട്ടവയുടെ വർക്ക്ഷീറ്റ് ഹാജരാക്കിയില്ല<br>Written By: Anita Dominic (Auditor, On 13-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-11 |
| 23 | സാംഖ്യ സോഫ്റ്റ്‌വെയറിൽ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ല<br>Written By: Anita Dominic (Auditor, On 13-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-12 |
| 24 | പ്രൊജക്റ്റ് പൂർത്തിയായിട്ടും അക്കൗണ്ട് ക്ലോസ് ചെയ്ത് ബാക്കി തുക സഞ്ചിത അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 13-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-13 |
| 25 | വരവ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-14 |
| 26 | ഭൂമി പാട്ടം ഡിമാൻഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-11-15 |
| 27 | ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-11-16 |
| 28 | ചെക്ക് ഇഷ്യൂ ചെയ്ത മാസങ്ങൾക്ക് ശേഷം പെയ്മെന്റ് വൗച്ചറുകൾ തയ്യാറാക്കുന്നു<br>Written By: Jomon E K (Asst. Audit Officer, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-11-17 |
| 29 | രസീതുകളുടെ പരിപാലനം - അപാകതകൾ.<br>Written By: Anita Dominic (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-12 |
| 30 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-13 |
| 31 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-13-1 |
| 32 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - വൻ കുടിശ്ശിക<br>Written By: Swalih C.P (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-13-2 |
| 33 | റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-13-3 |

| | | |
|---|---|---|
| 34 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-14 |
| 35 | സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-14-1 |
| 36 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-14-2 |
| 37 | ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-14-3 |
| 38 | ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-14-4 |
| 39 | റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.<br>Written By: Swalih C.P (Auditor, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-14-5 |
| 40 | ഡി & ഒ ലൈസൻസ് -അപാകതകൾ<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-15 |
| 41 | പാരാമെഡിക്കൽ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Anita Dominic (Auditor, On 09-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-16 |
| 42 | ബൈലോകൾ - സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-17 |
| 43 | കടമുറികളുടെ വാടക മുഴുവനായി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-18 |
| 44 | കെട്ടിടനിർമ്മാണ പെർമ്മിറ്റ് - അപാകതകൾ<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-19 |
| 45 | അനധികൃത നിർമ്മാണം - പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 08-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-20 |
| 46 | വിശപ്പ രഹിത ഗുരുവായൂർ -ചെലവുരേഖകൾ ലഭ്യമായിട്ടില്ല<br>Written By: Meera T (Audit Officer, On 18-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-21 |
| 47 | UIDSSMT –(Urban Infra Structure Scheme For Small And Medium Towns)പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല<br>Written By: Meera T (Audit Officer, On 18-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-22 |
| 48 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 18-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 1-23 |
| 49 | അഡ്വാൻസ് തുകകൾ അനുവദിച്ചത് - തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-24 |
| 50 | എബി സി പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-25 |

| | | |
|---|---|---|
| 51 | സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ- സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-26 |
| 52 | വ്യക്തിഗത ബയോ ഡൈജസ്റ്റർ പോട്ട് - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-27 |
| 53 | സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-28 |
| 54 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-05-2022) | 1-29 |
| 55 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-30 |
| 56 | ആയുർവേദ മരുന്നുകൾ ലഭ്യമായിട്ടില്ല.(20 -21)<br>Written By: P.V.Baby (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-31 |
| 57 | വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-32 |
| 58 | സ്യൂട്ട് റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലീഗൽ ചാർജ് സർക്കാർ അനുമതി തേടിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-33 |
| 59 | അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-34 |
| 60 | വാഹന പരിപാലനം അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-35 |
| 61 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-36 |
| 62 | ഉപയോഗ ശൂന്യമായ കസേരകൾ കയ്യൊഴിക്കണം<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-37 |
| 63 | പ്രസാദ് പദ്ധതി -ഫെസിലിറ്റേഷൻ, അമിനിറ്റി സെന്ററുകൾ തുറന്ന് കൊടുക്കണം.<br>Written By: Jomon E K (Asst. Audit Officer, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-38 |
| 64 | വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് വിതരണം - അപാകതകൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-39 |
| 65 | മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-03-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-40 |
| 66 | അമൃത് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-41 |

| | | |
|---|---|---|
| 67 | ജി.എസ്.ടി യിനത്തിൽ അനാവശ്യ ചെലവ് ₹ 314944-<br>Written By: Shobby.V.P (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-42 |
| 68 | പ്രൊജ.നം.410/21 തെരുവു വിളക്ക അറ്റകുറ്റപ്പണി--അപാകതകൾ<br>Written By: Shobby.V.P (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 1-43 |
| 69 | റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-44 |
| 70 | കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-45 |
| 71 | പ്രൊജ.നം. 415/20-21 നഗരസഭ ഫ്രണ്ട് ഓഫീസ് നവീകരണം-GST കോമ്പൻസേഷന് അർഹതയില്ല:<br>Written By: Shobby.V.P (Audit Officer, On 07-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Anita Dominic (Auditor, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anita Dominic (Auditor, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Anita Dominic (Auditor, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Anita Dominic (Auditor, On 10-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 12-02-2022)<br>Last Updated By: Shobby.V.P (Audit Officer, On 06-06-2022) | 4-10 |

| അനുബന്ധം | |
| --- | --- |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2020, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 2162278972 | 2275422457 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.02.2021, തീരുമാനം 1(1) | |
| റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വരവ്, ചെലവ് | വരവ് | ചെലവ് |
| | 1191203817 | 1194082979 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല സ.ഉ (ആർ.റ്റി) 3291 / 16 തി.2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 30-07-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 215267627.92 |
| വരവ് | 899900529 |
| ആകെ | 1115168156.92 |
| ചെലവ് | 847617608 |
| നീക്കിയിരിപ്പ് | 267550548.92 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACRപ്രകാരം) | 0 | 76572592 | 76572592 | 71013164 | 5559428 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9824666 | 9824666 | 9810096 | 14570 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 43656900 | 43656900 | 43656900 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 16945853 | 16945853 | 16917609 | 28244 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 98547606 | 98547606 | 72401727 | 26145879 |
| സിഎഫ് സി ടൈഡ് | 0 | 38750000 | 38750000 | 25494671 | 13255329 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 487 | 374567444 | 329 | 262279616 | 128 | 30 | 67.05 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ+ ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 228013 | 7543037 | 7771044 | 5397209 | 2373835 |

ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 7053200 | 2809 |
| വിധവാപെൻഷൻ | 45422500 | 16999 |
| വാർദ്ധക്യകാലപെൻഷൻ | 84263000 | 33605 |
| വികലാംഗപെൻഷൻ | 10247400 | 4050 |
| അവിവാഹിത പെൻഷൻ | 3576600 | 1328 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 540000 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2022 തീയതിയിൽ 3.30 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,61,039/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

· ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മാസം തോറും വിലയിരുത്തുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം 22(ഡി)(II)(IV) വകുപ്പുകൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും, മാസം തോറും സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇതിനായി മാസാവസാനം അതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കേണ്ടതാണെന്ന് കേരള മുനിസിപ്പലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം 57(1)&(2) എന്നിവയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മാസാന്ത്യ കണക്കുകൾ തയ്യാറാക്കിയതായോ, അംഗീകരിച്ചതായോ കാണുന്നില്ല.

* ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

* ഫ്രണ്ട് ഓഫീസിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ദിവസവും ആയിരക്കണക്കിന് രൂപ അടവുവരുന്ന ക്യാഷ് കൗണ്ടറിൽ പ്രസ്തുത സംവിധാനത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ സൗകര്യങ്ങളില്ല. ടോക്കൺ സമ്പ്രദായം, ജനങ്ങൾക്ക് ആവശ്യമായ ഇരിപ്പിട സൌകര്യങ്ങൾ, ഹെൽപ് ഡെസ്ക് എന്നിവയില്ല.

- ഓഫീസ് ഉത്തരവുകൾ വഴി കൃത്യമായി ജോലി വിഭജനം നടത്തി താഴെ തട്ടിലുള്ളവർക്ക് ഉത്തരവാദിത്തം ഏല്പിച്ചതായി കാണുന്നില്ല. ഓഫീസ് ഉത്തരവ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

* മുൻകൂറുകൾ ക്രമപ്പെടുത്തുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

* ഇൻകുമ്പൻസി രജിസ്റ്റർ

ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിലേയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരുകൾ, മേൽവിലാസം, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

* കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി.24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

- പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ

എല്ലാ അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷാ രജിസ്റ്ററുകളിൽ അപേക്ഷാതീയതി, പെൻഷൻ അനുവദിച്ച തിയതി, സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

*ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല

നഗരസഭയിൽ ഉപയോഗിച്ചുപോരുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലുള്ളതല്ല. ഡെപ്പോസിറ്റ് റീഫണ്ട് അനുവദിക്കുമ്പോൾ പ്രസ്തുത ഡെപ്പോസിറ്റ് ക്രമ നം ക്യാൻസൽ ചെയ്യുന്നില്ല.

*അമൃത് പദ്ധതിയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമി. എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-41ൽ അന്യത്ര പരാമർശിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/05/2016 മുതൽ 20/05/2016 വരെ | 2010-2011 | 22.03.2017 |
| അക്കൗണ്ടന്റ് ജനറൽ | 16/10/2017 മുതൽ 02/11/2017 വരെ | 2015-2016 | 01.12.2017 |

## 1-11 വാർഷിക കണക്ക് അപാകതകൾ

2020-21 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 ഗ്രാന്റ് സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ.23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

### 1-11-2 വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല

31.03.2021 തീയതിയിലെ വസ്തുനികുതിയുടെ DCB പത്രിക ഹാജരാക്കിയിട്ടില്ല.

### 1-11-3 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ

പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800-Rent From Shopping Complex | 7300465 | 01.04.2020 | 42000869 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-4 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

6. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

## 1-11-5 വരുമാനങ്ങൾക്ക് മുൻകൂർ തുക ലഭിച്ചത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ |
|---|---|---|---|
| 1 | ഡി & ഓ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 2545640 |

## 1-11-6 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക്

പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200299-Prior Period Income - Other Rents | 1672360 |
| 280209900-Prior Period Income - Other Income | (325355) |
| 280800700-Prior Period - Miscellaneous Expenses | 383100 |

## 1-11-7 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-9 ക്ലോസിംഗ് സ്റ്റോക്ക് -മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 2577435/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല.

## 1-11-10 അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ നിർവഹണ ഏജൻസികൾക്ക് നൽകിയ അഡ്വാൻസ്, മാര്യേജ് ലോൺ എന്നിവയുടെ വിവരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-11 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെട്ടവയുടെ വർക്ക്ഷീറ്റ് ഹാജരാക്കിയില്ല

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 166432132/- രൂപയാണ്. ആയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-12 സാംഖ്യ സോഫ്റ്റ്‌വെയറിൽ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 52476719/- രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumulated Depreciation 170927841/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല. ഇക്കാര്യം ഓഡിറ്റ് എൻക്വയറി (നം. 27/28.01.2022) മുഖേന അറിയിച്ചപ്പോൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ Accumulated Depreciation കണക്കാക്കുമ്പോൾ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ലാത്തതിനാലാണ് Other Fixed Assets എന്ന ഹെഡിൽ ആയത് ചേർത്തിട്ടുള്ളത് എന്ന് മറുപടി നല്കിയിട്ടുണ്ട്.

## 1-11-13 പ്രൊജക്റ്റ് പൂർത്തിയായിട്ടും അക്കൗണ്ട് ക്ലോസ് ചെയ്ത് ബാക്കി തുക സഞ്ചിത

അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല

31.3.2021ൽ IHSDPപ്രോജക്റ്റിന് വേണ്ടിയുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ 261037/-രൂപ നീക്കിയിരുപ്പുണ്ട് (അക്കൗണ്ട് നമ്പർ : 4275000100525513). പ്രസ്തുത പ്രൊജക്റ്റ് പൂർത്തിയായിട്ടും അക്കൗണ്ട് ക്ലോസ് ചെയ്ത് ബാക്കിയുള്ള തുക സഞ്ചിത അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

## 1-11-14 വരവ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

RP-3, RP-4 (140501100, 140501300 എന്നിവ ഒഴികെ) RP-5 എന്നിവ പ്രകാരമുള്ള വരവുകളുടെ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-15 ഭൂമി പാട്ടം ഡിമാൻഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല

ഭൂമി പാട്ടം ഡിമാൻഡ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-11-16 ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല

വാർഷിക കണക്ക് പ്രകാരം താഴെ കാണും വിധം വായ്പ തിരിച്ച് അടവാക്കാൻ ഉണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ വായ്പയുടെ വരവ് ചെലവ് നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | തുക |
|---|---|---|
| 1 | 331200100- Loans From State Govt | 1611400 |

## 1-11-17 ചെക്ക് ഇഷ്യൂ ചെയ്ത മാസങ്ങൾക്ക് ശേഷം പെയ്മെന്റ് വൗച്ചറുകൾ തയ്യാറാക്കുന്നു

വിവിധ ബാങ്കുകളുടെ റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ ചെക്ക് ഇഷ്യൂ ചെയ്ത മാസങ്ങൾക്ക് ശേഷമാണ് പെയ്മെന്റ് വൗച്ചറുകൾ തയ്യാറാക്കുന്നത് എന്ന് കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | ചെക്ക് നമ്പർ/ തീയതി | വൗച്ചർ നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | SBT Own | 623735/ 20.06.2020 | 22000520/ 13.08.2020 | 337900 |
| 2 | LGTSB (Own Fund) | 18.08.2020 | 120060900350/ 30.11.2020<br>120060900351/ 30.11.2020 | 989<br>1551 |

## 1-12 രസീതുകളുടെ പരിപാലനം - അപാകതകൾ.

നഗരസഭയിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. രസീതുകളിൽ തുക വെട്ടി തിരുത്തി എഴുതിയിട്ടുണ്ട്. ഉദാ: 744/74347, 74348, 74349ആയത് ചട്ട വിരുദ്ധമാണ്. കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ,2007 ചട്ടം 11)

2. സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. നഗരസഭക്ക് എസ് ബി ടി യിലും കാനറാ ബാങ്കിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട്.

3. നഗരസഭയിൽ ഒരു ദിവസം ലഭിച്ച എല്ലാ തുകകളും തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. (കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ,2007 ചട്ടം 21 ). ചട്ടം 24 പ്രകാരം പണം അക്കൗണ്ടിൽ അടവാക്കിയെന്ന അക്കൗണ്ടന്റ് ഉറപ്പ് വരുത്തേണ്ടതും അപാകതകൾ ഉണ്ടെങ്കിൽ അവ ഉടൻ തന്നെ സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും ആണ്.എന്നാൽ ഗുരുവായൂർ നഗരസഭയിൽ പണം ബാങ്കിൽ അടവാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

A) 12.3.2021മുതൽ 16.3.2021വരെയുള്ള ദിവസങ്ങളിൽ ലഭിച്ച കളക്ഷൻ തുകകൾ ഒരുമിച്ച് 17.3.2021 നാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കളക്ഷൻ തീയതി | കളക്ഷൻ തുക | നിക്ഷേപിച്ച തീയതി | നിക്ഷേപിച്ച തുക. |
|---|---|---|---|---|
| 1 | 12.3.2021 (വെള്ളി ) | 466489 | 17.3.2021 (ബുധൻ ) | 1426367 |
| 2 | 13.3.2021 (രണ്ടാം ശനി) | 73687 | | |
| 3 | 14.3.2021 (ഞായർ) | 7825 | | |
| 4 | 15.3.2021 (തിങ്കൾ ) | 494966 | | |
| 5 | 16.3.2021 (ചൊവ്വ) | 383400 | | |

12.3.2021,13.3.2021,14.3.2021 എന്നീ തീയതികളിൽ വരവ് വന്ന തുകയായ 548001 രൂപ 15.3.2021 ൽ ബാങ്കിൽ അടവാക്കാതെ ഇരുന്നതിനും 15.3.2021 ലെ വരവ് തുകയായ 494966 രൂപ തൊട്ടടുത്ത പ്രവർത്തി ദിവസമായ 16.3.2021 ൽ അടവക്കാതെ 5 ദിവസങ്ങളിലെയും തുക ഒരുമിച്ച് 17.3.2021 ൽ അടവാക്കിയതും ഗുരുതരമായ പിഴവാണ്.

B) നഗരസഭയിൽ താഴെ കാണുന്ന തീയതികളിൽ വരവ് വന്ന തുകകൾ രണ്ട് ഘട്ടമായാണ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കളക്ഷൻ തീയതി | കളക്ഷൻ തുക | നിക്ഷേപിച്ച തീയതി | നിക്ഷേപിച്ച തുക. |
|---|---|---|---|---|
| 1 | 29.1.2021 | 116009 | 30.1.2021 | 70009 |
| | | | 1.2.2021 | 46000 |
| 2 | 22.3.2021 | 360950 | 23.3.2021 | 328450 |
| | | | 24.3.2021 | 32500 |

ഒരു ദിവസം വരവ് വന്ന തുക മുഴുവനായി തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കണമെന്നിരിക്കെ ഇപ്രകാരം സംഭവിച്ചതു ഗുരുതരമായ പിഴവാണ്.

4. ഡേ ബുക്ക് പ്രകാരമുള്ള താഴെ കാണുന്ന വരവുകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | രസീത് നമ്പർ/തീയ്യതി | ഇനം | തുക |
|---|---|---|---|
| 1 | 119010500151, 119010500152, 119010500153 / 5.11.2019 | Rent On Buildings/stalls | 26699(11438+11798+3463) |
| 2 | 120011100008 / 21.1.2021 | Property Tax - Sobhana | 5210 |
| 3 | 120011100009 / 21.1.2021 | Property Tax - Yousaf | 14127 |
| 4 | 120010900010, 120010900011 / | Rent On Buildings/stall | 34958(24403+10555) |

| | | | |
|---|---|---|---|
| | 19.2.2021 | | |

മേൽപ്പറഞ്ഞ അപാകതകൾക്ക് മറുപടി നല്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.57/2.2.22) നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും ക്രമ നമ്പർ 8 ലെ 3, 4 എന്നീ വരവുകൾ കാർഡ് പേയ്മെന്റ് ആണെന്നും ആയത് പരിശോധിച്ച റിപ്പോർട്ട് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കാത്ത മേൽപ്പറഞ്ഞ അപാകതകൾക്കുള്ള വിശദീകരണം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതും, രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും ഭാവിയിൽ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി അപാകതകൾ

നഗരസഭയിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.56/2.2.22) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ തനത് വരുമാനത്തിൽ വലിയ പങ്ക് ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ച നഗരസഭയുടെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-13-1 കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കി-വരുമാന നഷ്ടം

സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 80/- രൂപയും ആണ്. വാർഡ് 1,4,6,15,22,24,30,41,43 എന്നിവയിലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 80/- രൂപക്ക് പകരം 60/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം | കെട്ടിട നം | വിസ്തീർണം ( ച:മീറ്റർ) | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി (വിസ്തീർണംx 80) | സഞ്ചയ പ്രകാരം അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് /വർദ്ധനവ് | സഞ്ചയ പ്രകാരമുള്ള ഡിമാൻഡ് | യഥാർത്ഥത്തിൽ ഡിമാൻഡ് ചെയ്യേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | 1/90-2 | 209.99 | 16799.2 | 10 % ഇളവ് | 13041 | 17388 | 4347 |
| 2 | 4/640-2 | 136.85 | 10948 | 30 % ഇളവ് | 6611 | 8814 | 2203 |
| 3 | 6/452-3 | 141.21 | 11296.8 | 30 % ഇളവ് | 6822 | 9095 | 2273 |
| 4 | 15/255-1 | 136.58 | 10926.4 | 30 % വർദ്ധനവ് | 12253 | 16336 | 4083 |
| 5 | 22/451-2 | 196.88 | 15750.4 | 20 % ഇളവ് | 10870 | 14492 | 3622 |
| 6 | 24/334-2 | 149.34 | 11947.2 | 30 % ഇളവ്<br>20 % വർദ്ധനവ് | 9276 | 12366 | 3090 |
| 7 | 30/88-1 | 135.2 | 10816 | 30 % ഇളവ്<br>20 % വർദ്ധനവ് | 8398 | 11196 | 2798 |
| 8 | 30/88-2 | 166 | 13280 | 30 % ഇളവ്<br>20 % വർദ്ധനവ് | 10310 | 13745 | 3435 |
| 9 | 41/295-1 | 149.85 | 11988 | 20 % ഇളവ്<br>20 % വർദ്ധനവ് | 10341 | 13787 | 3446 |
| 10 | 43/550-1 | 202.83 | 16226.4 | 30 % ഇളവ്<br>20 % വർദ്ധനവ് | 12597 | 16795 | 4198 |
| 11 | 43/308-1 | 106.37 | 8509.6 | 20 % വർദ്ധനവ് | 8808 | 11744 | 2936 |
| ആകെ | | | | | | | 36431 |

* ഡിമാൻഡ് = ( അടിസ്ഥാന നികുതി - ഇളവ് ) + വർദ്ധനവ് )+ ലൈബ്രറി സെസ്സ് (5% ) + സർവ്വീസ് ചാർജ്ജ് (10%)

നാളിതുവരെ കുറവായി ഈടാക്കിയ വസ്തുനികുതി പിരിച്ചെടുത്തു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 56 /2.2.22), നൽകിയ മറുപടിയിൽ ക്രമ നമ്പർ.1,2 എന്നിവയിലെ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുന്നതിനു റവന്യൂ ഇൻസ്പെക്ടർക്ക് സമർപ്പിക്കുന്നതെയാണെന്നും തുടർന്ന് കക്ഷിയിൽ നിന്ന് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നമ്പർ 4 സഞ്ചയയിൽ ഡാറ്റ എൻട്രി വരുത്തുന്നതിൽ വന്ന തെറ്റാണെന്നും ആയത് പരിഹരിച്ചിട്ട് ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഡാറ്റ എൻട്രിയിൽ വന്ന തെറ്റ് എന്താണെന്നു മറുപടിയിൽ വ്യക്തമല്ല. ആയതിനാൽ മുകളിൽ പരാമർശിച്ച എല്ലാ കെട്ടിടങ്ങളിൽ നിന്നും നാളിതു വരെ കുറവായി ഈടാക്കിയ വസ്തുനികുതി പിരിച്ചെടുത്തു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി - വൻ കുടിശ്ശിക

സഞ്ചയ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ നഗരസഭക്ക് വലിയ തുക കുടിശ്ശികയായി ലഭിക്കാൻ ഉണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | നാളിതു വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, | 28/517/1 | 120 | 534780 |
| 2 | എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ | 23/52/1 | 23.56 | 143343 |
| 3 | എസ്സാർ ടെലികോം ഇൻഫ്രാസെക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്, | 25/697 | 78.99 | 298728 |
| 4 | ഇൻഡസ് ടവേഴ്സ് | 2/452/1 | 37.2 | 152938 |
| 5 | ആൽഫ്രഡ്. സി.ടി, ചീരൻ ഹൗസ്, കോട്ടപ്പടി,680505,, | 3/525 | 10 | 22176 |
| 6 | ഇൻഡസ് ടവർ ലിമിറ്റഡ് | 3/528/1 | 11.2 | 57960` |
| 7 | ശ്രീമതി, താണിശ്ശേരി ഹൗസ്, | 4/195 | 18 | 36412 |
| 8 | വയർലെസ് റ്റി.റ്റി.ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 10/6 | 34.76 | 75108 |
| 9 | ഭാരതി ഇൻഫ്രാ ടെലി ലിമിറ്റഡ്, ടെലി കമ്മ്യൂണിക്കേഷൻ ടവർ | 10/17 | 24.33 | 87096 |
| 10 | കെ. നാരായണി,കുനയിൽ പൂക്കോട്ടിൽ ഹൗസ്, | 37/515 | 50 | 257485 |
| 11 | റിലയൻസ് ഇൻഫോ ടെൽ ലിമിറ്റഡ് | 37/560 | 38 | 116398 |
| ആകെ | | | | 1782424 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 56 /2.2.22), നൽകിയ മറുപടിയിൽ ക്രമ നമ്പർ 1,2,3 എന്നിവയ്ക്ക് ഡിമാൻഡ് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിയിനത്തിൽ ഇത്രയും വലിയൊരു തുക കുടിശിക വന്നത് നഗരസഭയുടെ റവന്യൂ വിഭാഗത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും നികുതി കുടിശ്ശിക എത്രയും പെട്ടെന്ന് പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-3 റദ്ദാക്കിയ സാംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീത് പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 20/150 | ഹനീഫ മമ്മസ്രയില്ലത്ത് | 120010107250/ 16.10.2020 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2020-21 രണ്ടാം അർദ്ധവർഷം വരെ | 956 |
| 2 | 6/389 | ദേവകിയമ്മ പട്ടയിൽ ഹൗസ് | 120010115848/ 5.3.2021 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2020-21 രണ്ടാം അർദ്ധവർഷം വരെ | 519 |
| ആകെ | | | | | 1475 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 56 /2.2.22), നൽകിയ മറുപടിയിൽ പ്രസ്തുത രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീതുകൾ മുഖേന അടവാക്കിയ നികുതി രസീതുകൾ ക്യാൻസൽ ചെയ്ത സാഹചര്യത്തിൽ വീണ്ടും അടവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി അടവാക്കിയ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി സംബന്ധിച്ച നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

### 1-14-1 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55/2.2.22), നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്ന നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് | അർദ്ധവർഷം |
|---|---|---|---|
| 1 | മയൂര റെസിഡൻസി | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | നക്ഷത്ര ഇൻ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | ന്യൂ തൃശ്ശൂർ കറീസ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 4 | ആതുരാശ്രമം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 2020-21 | രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 5 | ഗ്ലോബൽ ബിൽഡിംഗ് മെറ്റീരിയൽസ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 6 | നാഷണൽ പാരഡൈസ് റെസ്റ്റോറന്റ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 7 | വനിത കോ ഓപ് സൊസൈറ്റി | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 8 | അയോദ്ധ്യ ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 9 | ഋജ ടവർ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 10 | മാധവ് ഇൻ | 2020-21 | രണ്ടാം അർദ്ധവർഷം |
| 11 | നവനീതം റെസ്റ്റോറന്റ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 12 | ദേവാഞ്ജന ഇൻ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 13 | അന്നലക്ഷ്മി റെസ്റ്റോറന്റ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 14 | അപ്സര സിൽക്സ് ആൻഡ് സാരീസ് | 2020-21 | രണ്ടാം അർദ്ധവർഷം |
| 15 | അർച്ചന ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 16 | ബ്ലിസ് ബ്യൂട്ടി പാർലർ | 2020-21 | രണ്ടാം അർദ്ധവർഷം |
| 17 | ഗോവിന്ദ് റീജൻസി | 2020-21 | രണ്ടാം അർദ്ധവർഷം |
| 18 | കൃഷ്ണകൃപ ടൂറിസ്റ്റു ഹോം | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 19 | കൃഷ്ണാഞ്ജലി ഇൻ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 20 | മാധവി ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 21 | സാഗർ ടൂറിസ്റ്റ് ഹോം | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 22 | ശ്രീരാമകൃഷ്ണ ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 23 | ശ്രീജ ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 24 | ശ്രീകൃപ ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 25 | ശ്രീകൃഷ്ണ ഭവൻ ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 26 | ശ്രീകൃഷ്ണ ഭവൻ ഹോട്ടൽ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 27 | ശ്രീ വിഹാർ ടൂറിസ്റ്റ് ഹോം | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

| | | | |
|---|---|---|---|
| 28 | വാസുദേവ് ഇൻ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 29 | സാവിനി മെഡിക്കൽ ലബോറട്ടറി | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 30 | പ്രസാദം ഇൻ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 31 | കനിഷ്ക ഹോട്ടൽ | 2020-21 | രണ്ടാം അർദ്ധവർഷം |
| 32 | രാധേയം ഗസ്റ്റ് ഹൗസ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 33 | ഭാവം ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 34 | ഗ്രീക് റെസ്റ്റോറന്റ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 35 | കൃഷ്ണ ജ്വല്ലറി | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 36 | എസ് എഫ് എസ് ഹോം ബ്രിഡ്ജ് | 2020-21 | രണ്ടാം അർദ്ധവർഷം |
| 37 | എച് ഡി എഫ് സി സ്റ്റാൻഡേർഡ് ഇൻഷുറൻസ് കമ്പനി | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 38 | പതി പരമ്പൻസ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 39 | ശ്രീജ ഇൻ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 40 | അരുണോദയം ടൂറിസ്റ്റ് ഹോം | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 41 | രാഗമാലിക ടെക്സ്റ്റയിൽസ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 42 | ശരവണ ഭവൻ ഹോട്ടൽ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 43 | വൃന്ദാവൻ മടക്കാവിൽ ലോഡ്ജ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 44 | ഗുരുവായൂർ വ്യാപാരി സഹകരണ സംഘം | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 45 | ഗുരുവായൂർ നഗരസഭ എൻ യു എൽ എം | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 46 | എസ് ആർ എം റെസിഡൻസ് | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 47 | സതേൺ റെയിൽവേ ഹെഡ് ഓഫിസ് ഗുരുവായൂർ | 2020-21 | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

## 1-14-2 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ശ്രീജിത്ത് | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ഗുരുവായൂർ | 2020-21 രണ്ടാം അർദ്ധവർഷം | 72978 | 600 | 180 | 420 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.55/2.2.22), നൽകിയ മറുപടിയിൽ പ്രസ്തുത ജീവനക്കാരനിൽ നിന്നും കുറവ് വന്ന നികുതി തിരിച്ചുപിടിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 282 ഉപയോഗിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-3 ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

1. കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 പ്രകാരം നഗരസഭയിലെ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ ഇപ്രകാരമല്ല തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നത്.

2. താഴെ കാണുന്ന സ്ഥാപങ്ങൾ ലഭ്യമാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി പത്രിക കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, 2005 പ്രകാരമുള്ളതല്ല. ലഭ്യമാക്കിയ പത്രികയിൽ ജീവനക്കാരുടെ വരുമാന വിവരങ്ങൾ ഇല്ല. ആയതിനാൽ തൊഴിൽ നികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് | അർദ്ധവർഷം |
|---|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 2020-21 | ഒന്നാം അർദ്ധവർഷം |
| 2 | പൂർണിമ ടൂറിസ്റ്റ് ഹോം | 2020-21 | രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55 /2.2.22), നൽകിയ മറുപടിയിൽ പ്രസ്തുത അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഭാവിയിൽ ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-14-4 ബി.എസ്.എൻ.എൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തെ ബി.എസ്.എൻ.എൽ -ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55 /2.2.22), നൽകിയ മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-5 റേഷൻ കടകൾ,കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല.

നഗരസഭ പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭ പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ നഗരസഭ പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55 /2.2.22), നൽകിയ മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15 ഡി & ഒ ലൈസൻസ് -അപാകതകൾ

2020-21 വർഷത്തെ ഡി & ഒ ലൈസൻസ് താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അടവാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം നടത്തുന്ന ആളുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | IV/ 69 | രാജേഷ് | അലുമിനിയം ഫാബ്രിക്കേഷൻ |

| | | | |
|---|---|---|---|
| 2 | IV/ 182 | മഹേഷ് എം.പി. | ഗ്രാഫിക് ഡിസൈൻ സ്റ്റുഡിയോ |
| 3 | XXXII/ 216 | മോഹൻദാസ് എം.കെ. | സൗണ്ട് സിസ്റ്റം |
| 4 | XXXII/ 234 | അബ്ദുൾ ജബ്ബാർ പി.എം. | ഗേറ്റ് വെൽഡിംഗ് |
| 5 | XXXII/ 340 | അബ്ദുൾ ഗഫൂർ | മിലൻ ഓഡിറ്റോറിയം |
| 6 | XXXV/ 42 | സ്റ്റാൻലി സി.എഫ്. | റെഡിമെയ്ഡ് |
| 7 | XXXVII/ 242(1) | കെ.എൻ. വിൻസെന്റ് | ലോറൻസ് ഇലക്ട്രിക്കൽസ് |
| 8 | I/250 | വിൻസെന്റ് വി.എം. | ഫർണ്ണിച്ചർ വർക്ക്സ് |
| 9 | III/597 | ഷാജൻ എം.കെ. | ഫ്രണ്ട്സ് ബേക്കറി |
| 10 | XII/ 315-1 | രഞ്ജിത്ത് മോഹൻ | വടശ്ശേരി വിനായക കാറ്ററിംഗ് |
| 11 | XII/ 402 | അബ്ദുൾ ബഷീർ | വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം |
| 12 | XII/ 403 | ഷഹീർ അഹ്സാൻ | വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം |
| 13 | XII/ 449 | അഞ്ജലി കൃഷ്ണ | കലാക്ഷേത്ര |
| 14 | XIII/ 77/A | സുരേഷ് ബാബു | ആപ്ടെക്ക് കമ്പ്യൂട്ടർ സെന്റർ |
| 15 | XIII/ 291 | എ.പി. സക്കീർ ഹുസൈൻ | നക്ഷത്ര ഇൻ ലോഡ്ജ് |
| 16 | XIII/ 513 | ഷൺമുഖൻ | കണ്ടംകുളത്തി ആര്യവൈദ്യശാല |
| 17 | XIII/ 422/4 | സുന്ദരൻ ഭാസ്കരൻ | ശ്രീപതി നിർമ്മാല്യം (സർവ്വീസ് അപ്പാർട്ടമെന്റ് & ലോഡ്ജ്) |
| 18 | XIII/ 422/5 | സുന്ദരൻ ഭാസ്കരൻ | ശ്രീപതി നിർമ്മാല്യം (സർവ്വീസ് അപ്പാർട്ടമെന്റ് ) |
| 19 | XIII/ 422/8 | സുന്ദരൻ ഭാസ്കരൻ | ശ്രീപതി നിർമ്മാല്യം (അപ്പാർട്ടമെന്റ് ലോഡ്ജ്) |
| 20 | XIII/ 967 | വിലാസിനി രാജേന്ദ്രൻ | മയൂര റസ്റ്റോറന്റ് |
| 21 | XIII/ 1043 | ഷൈജിൻ കെ.ടി. | കല്ല്യാൺ ജ്വല്ലേഴ്സ് |
| 22 | XIV/ 25 | അഗ്നീസ് | ലിറ്റിൽ സ്റ്റോഴ്സ് |
| 23 | XIV/ 356 | പ്രേമനാഥ് പി.എൻ. | ഹോട്ടൽ പാലസ് |
| 24 | XIV/ 359,360 | സുരേഷ് ബാബു എം.എസ്. | ആപ്ടെക്ക് കമ്പ്യൂട്ടർ എഡ്യുക്കേഷൻ |
| 25 | XXII/ 175/14 | സുധീർ | വൈറ്റ് സ്പ്രിങ് അപ്പാർട്ട്മെന്റ് ലോഡ്ജ് |
| 26 | XXII/ 175/15 | അബ്ദുൾ റഷീദ് | അമ്പലത്ത് വൈറ്റ് സ്പ്രിങ് ലോഡ്ജ് |
| 27 | XXIII/ 13 | ജോബി വർഗ്ഗീസ് | എം.ജെ. വെജിറ്റബിൾസ് |
| 28 | XXIII/ 17 | രാജേഷ് എം. | ഗായത്രി ബ്യൂട്ടി പാർലർ |
| 29 | XXIII/ 45 | ശ്രീധരൻ ഇ.സി. | കാർത്തിക ബേക്കറി |
| 30 | XVIII/ 52 | രവീന്ദ്രൻ കെ.സി. | കഫേ കോഫി ഡേ |

| | | | |
|---|---|---|---|
| 31 | XVIII/ 309 | ബിജു പി. | അമ്പാടി റീജൻസി |
| 32 | XVIII/ 365 | എം. കൃഷ്ണൻ നമ്പൂതിരി | മധുര ലോഡ്ജ് |
| 33 | XVIII/ 418 | ലളിത രാജൻ | ശ്രീരാമകൃഷ്ണ ലോഡ്ജ് |
| 34 | XVIII/ 421 | ശ്രീധരൻ വി. | കാപ്പിറ്റൽ ലോട്ടസ് ലോഡ്ജ് |
| 35 | XVIII/ 562,563 | രാമകൃഷ്ണൻ ജി.കെ. | രുഗ്മിണി കല്യാണമണ്ഡപം |
| 36 | XVIII/ 650 | ബലറാം പി.എൻ. | അമൃത ടൂറിസ്റ്റ് ഹോം |
| 37 | XVIII/ 1061/A | സുബിതൻ എ.എം. | ഗുരുവായൂർ ബംഗ്ലാവ് ടൂറിസ്റ്റ് ഹോം |
| 38 | XVIII/ 1256/5 | അരവിന്ദാക്ഷൻ കെ. എസ്. | സൗപർണ്ണിക ഹോട്ടൽ |
| 39 | XIX/ 138 | കെ.ടി. ദയാവതി | ശ്രീകൃഷ്ണ റീജൻസി |

ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അഭിലഷണീയമല്ല. ലൈസൻസ് തുക ഈടാക്കേണ്ടതാണ്.

## 1-16 പാരാമെഡിക്കൽ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2020-21 വർഷത്തെ പാരാമെഡിക്കൽ ലൈസൻസ് താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ അടവാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം നടത്തുന്ന ആളുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | V/56 | ഡോ. കെ.എസ്. ഗോപിനാഥൻ | ആയുർവേദ ഫാർമസി & ക്ലിനിക് |
| 2 | XXVI/426(6) | ഡോ. കെ. രഞ്ജിത്ത് | ഡെന്റൽ ക്ലിനിക് |
| 3 | XVIII/13 | റോജിൻ വി.ടി. | ജ്യോതിസ് ഹോമിയോ ക്ലിനിക് |
| 4 | XIX/463 | രാമകൃഷ്ണൻ എം. | ആയുർവേദിക് ക്ലിനിക് |
| 5 | I/153(3) | പ്രജീഷ് | മെഡിക്കൽ ലാബോറട്ടറി |
| 6 | XXVI/526 /1,2,3 | ഡോ. കൃഷ്ണദാസ് | ആയുർവേദ ക്ലിനിക് |

പാരാമെഡിക്കൽ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അഭിലഷണീയമല്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് തുക ഈടാക്കേണ്ടതാണ്.

## 1-17 ബൈലോകൾ - സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ജി.ഒ (എം.എസ്)105/97/തദ്ദേശഭരണവകുപ്പ് വിജ്ഞാപന പ്രകാരം ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും സർക്കാർ ഉത്തരവ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്.

2. ടൗൺഹാൾ – ബൈലോ

ഗുരുവായൂർ നഗരസഭ ഇന്ദിരാഗാന്ധി ടൗൺഹാൾ, ഡൈനിംഗ് ഹാൾ, തൈക്കാട് രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാൾ എന്നിവയ്ക്ക് ഒരു ബൈലോയും, പൂക്കോട് സാംസ്കാരികനിലയം, ഇ.കെ നാരായണൻ കോൺഫറൻസ് ഹാൾ എന്നിവയ്ക്ക് മറ്റൊരു ബൈലോയും തയ്യാറാക്കിയിട്ടുണ്ട്. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. ക്ഷേത്രപ്രവേശന സത്യാഗ്രഹസ്മാരക ഓപ്പൺ സ്റ്റേജ് ബുക്കിംഗ് ബൈലോയ്ക്കും നഗരസഭാ കൗൺസിൽ അംഗീകാരം മാത്രമേയുള്ളൂ.

3. ക്രിമറ്റോറിയം -ബൈലോ

ക്രിമറ്റോറിയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം.7 തീയതി 21.01.2022) ക്ക് മറുപടി നല്കിയിട്ടില്ല. ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ശ്മശാന നടത്തിപ്പ് അംഗീകരിക്കപ്പെട്ട ബൈലോയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 കടമുറികളുടെ വാടക മുഴുവനായി ഈടാക്കിയിട്ടില്ല

2020-21 വർഷം താഴെക്കൊടുത്തിരിക്കുന്ന കടമുറികളുടെ വാടക ലഭ്യമായിട്ടില്ല.

| I ബസ് സ്റ്റാന്റ് കെട്ടിടം | | |
|---|---|---|
| റൂം നം | വാടകക്കെടുത്ത ആളുടെ പേര് | വാടക അടവാക്കേണ്ടത് |
| 3,4 | പ്രകാശൻ കെ.കെ. | 2020-21 വർഷം മുഴുവൻ |
| 14 | നിമിത ഇ.എസ്. | ജൂലൈ 2020 ന ശേഷം |
| II മഞ്ജുളാൽ ഷോപ്പിംഗ് കോംപ്ലക്സ് | | |
| 1 | സുന്ദരൻ കെ.പി. | ആഗസ്റ്റ് 2020 ന ശേഷം |
| 1B | ദാസൻ കെ.പി. | ആഗസ്റ്റ് 2020 ന ശേഷം |
| 10 | ഫൈസൽ പി.വി. | ആഗസ്റ്റ് 2020 ന ശേഷം |
| 17A | സുജിത സി.കെ. | ഒക്ടോബർ 2020ന ശേഷം |
| 17B | രാജഗോപാലൻ കെ.വി. | 2020-21 വർഷം മുഴുവൻ |
| 17C, FF4, FF5 | RTO | ആഗസ്റ്റ് 2020 ന ശേഷം |
| | | |
| III അമ്പാടി ടൂറിസ്റ്റ് ഹോം | | |
| 2 | നാസർ എൻ.പി. | ജൂൺ 2020 മുതൽ |
| | | |
| IV കുട്ടി കൃഷ്ണ സ്മാരക കെട്ടിടം | | |
| 13 | എക്സൈസ് ഇൻസ്പെക്ടർ | ഒക്ടോബർ2019 മുതൽ |
| FF3 | മുഹമ്മദ് അഷറഫ് | 2020-21 വർഷം മുഴുവൻ |
| FF5 | മോഹനൻ കെ.എസ്. | ജനവരി 2021 മുതൽ |
| FF9 | രാജേഷ് എം. | ഓഗസ്റ്റ് 2020 മുതൽ |
| SF4 | മിനി ശങ്കരൻ | 2020-21 വർഷം മുഴുവൻ |
| SF5 | സെക്രട്ടറി, CPI, ഗുരുവായൂർ ലോക്കൽ കമ്മിറ്റി | 2020-21 വർഷം മുഴുവൻ |
| | | |
| V ഇന്നർ റിംഗ് റോഡ് പരിസരത്തുള്ള കെട്ടിടം | | |
| 2 | ലളിത് കെ.എസ്. | 2020-21 വർഷം മുഴുവൻ |

മേൽ കെട്ടിടമുറികളിൽ നിന്നുള്ള വാടക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കെട്ടിടനിർമ്മാണ പെർമ്മിറ്റ് - അപാകതകൾ

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2020, 24.09.2020 പ്രാബല്യത്തിൽ ഭേദഗതി ചെയ്തിട്ടുണ്ട്. ബിൽഡിംഗ് പെർമ്മിറ്റിന്റെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട (അപ്പൻഡിക്സ് L) സാക്ഷ്യപത്രം ലഭ്യമാക്കിയതായി ഫയലിലില്ല. 300m$^2$ ന് മുകളിലും 1000m$^2$ താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട് / എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരം ഉറപ്പാക്കിയതായി കാണുന്നില്ല.

1. BA /012/2020-21 –E2-8446/20 – ഡേവിഡ് സി.ജെ, ആര്യഭട്ട കോളേജ് (വിദ്യാഭ്യാസം) -386.88m$^2$ വിസ്തീർണ്ണം

2. BA /022/2020-21 – E2/9040/20-അബ്ദുൾ സൂഫിൻ -869.6m$^2$ വിസ്തീർണ്ണം

3.BA /164/2020-21 – E2-623/2-അബ്ദുൾ അലി -847.80m$^2$ വിസ്തീർണ്ണം

4. BA /239/2020-21 – E2-6360/2 – റുക്കിയ & അദേഴ്സ് – 543.86m$^2$ വിസ്തീർണ്ണം

കെട്ടിടനിർമ്മാണ പെർമ്മിറ്റ് നല്കുമ്പോൾ ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മാണം - പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്

ഗുരുവായൂർ നഗരസഭയിൽ മമ്മിയൂർ ജംഗ്ഷനിൽ സർവ്വേ നം 83/5AIA (ഗുരുവായൂർ വില്ലേജ്) നമ്പറിൽപ്പെട്ട സ്ഥലത്ത് ശ്രീ.സുന്ദരൻ ഭാസ്കരൻ നിർമ്മിച്ച "ശ്രീപതി ഇന്ദ്രപ്രസ്ഥ" അപ്പാർട്ട്മെന്റ് ബിൽഡിംഗ് (ബി.എ. നമ്പർ 141/10-11, Special Residential Building) ആയിട്ടാണ് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്.

നിലവിൽ ബാർ ഹോട്ടൽ ആയി ടി കെട്ടിടം പ്രവർത്തിക്കുന്നതിന് നഗരസഭയുടെ അനുവാദം വാങ്ങിയിട്ടുള്ളതായി നഗരസഭയുടെ റവന്യൂ സെക്ഷൻ ഹാജരാക്കിയ ഫയലിൽ നിന്നും വ്യക്തമല്ല.

അപ്പാർട്ട്മെന്റ് സമുച്ചയമായിരുന്ന "ശ്രീപതി ഇന്ദ്രപ്രസ്ഥ" യുടെ അപ്പാർട്ട്മെന്റുകൾ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് രൂപാന്തരം വരുത്തി Four Star Bar Hotel Classification ലഭിക്കുന്നതിനു വേണ്ടുന്ന രീതിയിൽ റൂമുകൾ, ബാത്ത്റൂമുകൾ, കോമൺ ഏരിയകൾ എന്നിവയിൽ വ്യതിയാനം വരുത്തിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.5/21.01.22) ക്ക് മറുപടി ലഭ്യമാക്കിയില്ല.

'ടി കെട്ടിടത്തിന്റെ അഞ്ചാം നിലയിൽ 616.29 M$^2$ ഏരിയ കവർ ചെയ്ത് ഉപയോഗിക്കുന്നതായി കാണുന്നു, ആയത് പ്ലാനിൽ കാണുന്നില്ല' എന്ന് ഓഫീസ്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 136.5 M$^2$ വിസ്തീർണ്ണത്തിനാണ് നികുതി നിർണ്ണയിച്ച് കൊടുത്തിട്ടുള്ളത്. ഓപ്പൺ ടെറസ് പൂർണ്ണമായും ട്രസ് വർക്ക് ചെയ്തിട്ടുള്ളതും പകുതിയോളം ഭാഗം മതിലുകളോടു കൂടിയും നിലം വെട്രിഫൈഡ് ടൈൽസ് വിരിച്ചും ശീതീകരണസംവിധാനം ഒരുക്കിയും ഹാളായി നിർമ്മിച്ചിട്ടുണ്ട്. ടി ഹാൾ കല്ല്യാണമണ്ഡപവും പാർട്ടിഹാളും ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ പ്രസ്തുത ഏരിയയ്ക്ക് ലൈസൻസ് ആവശ്യമാണ്. ആയത് നഗരസഭ അനുവദിച്ചിട്ടില്ല.
ടി ബാർ ഹോട്ടലിൽ പ്രവർത്തിച്ചുവരുന്ന 250 KW മുതൽ മുകളിലോട്ടുള്ള ഡീസൽ ജനറേറ്ററുകൾ സ്ഥാപിച്ചതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ലഭ്യമായിട്ടില്ല.

കെട്ടിടനിർമ്മാണത്തിൽ വ്യതിയാനം നടന്നിട്ടുണ്ടെങ്കിൽ റിവൈസ്ഡ് പ്ലാൻ കെട്ടിട ഉടമ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടന്നിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 വിശപ്പു രഹിത ഗുരുവായൂർ -ചെലവുരേഖകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് -S00 12/21, വിശപ്പു രഹിത ഗുരുവായൂർ

ഫണ്ട് -വികസനഫണ്ട്

അടങ്കൽ-1000000

ചെലവ് -117959
നിർവഹണ ഉദ്യോഗസ്ഥ-പ്രോജക്റ്റ് ഓഫീസർ, ദാരിദ്രനിർമാർജനസെൽ

ട്രഷറി ബിൽ

1.19/28-3-21 , 97959

2. 20/29-3-21, 20000

ചെലവു രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ പിന്നീട് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി-31/28-1-22) രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക 117959രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 UIDSSMT –(Urban Infra Structure Scheme For Small And Medium Towns)പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല

ഫയൽ നം -E1 849/2006

ഭരണാനുമതി -G.O(Rt)NO.2875/2009/LSGD/4-11-09

തുക-31,2790000

അടങ്കൽ -50.45 കോടി

കരുവന്നൂർ പുഴയിൽ നിന്ന് വെള്ളം ശുദ്ധീകരിച്ച്, ഗുരുവായൂർ, ചാവക്കാട് നഗരസഭകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്പദ്ധതി. ജല അതോറിറ്റി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി അടങ്കലിന്റെ 80%കേന്ദ്ര വിഹിതം, 10% സംസ്ഥാന വിഹിതം 10%നഗരസഭ വിഹിതം (ഗുരുവായൂർ, ചാവക്കാട് നഗരസഭകൾ) എന്നീ രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. ഗുരുവായൂർ നഗരസഭയുടെ മുഖ്യ ജല ഉപഭോക്താവായ ഗുരുവായൂർ ദേവസ്വം, ഗുരുവായൂർനഗരസഭ വിഹിതത്തിന്റെ 50% തുക വഹിക്കുന്നുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ (CANARA BANK ,A/C NO.0838101042586) ജല അതോറിറ്റിക്ക് ചുവടെ ചേർക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| തീയതി | തുക |
|---|---|
| 13-8-2010 | 500000 |
| 17-11-2011 | 60000000 |
| 21-3-2012 | 80000000 |
| 16-5-2013 | 2,4500000 |
| 17-8-2013 | 37800000 |
| 21-2-2014 | 5,2200000 |
| 17-5-2017 | 39618000 |
| 22-6-2019 | 18172000 |
| ആകെ | 312790000 |

പദ്ധതി പൂർത്തീകരണ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി -41/31-1-22), 01.02.2022ന് UIDSSMT പദ്ധതി പൂർത്തീകരിച്ച് 24.02.2019 ന് കമ്മീഷൻ ചെയ്തതായി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൻ നിന്നും പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ്-s0273/21

അടങ്കൽ -1500000

ചെലവ്-750000

ഫണ്ട് -വികസന ഫണ്ട് ,750000

മറ്റുള്ളവ-750000

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്റിനറി സർജൻ

ട്രഷറി ബിൽ -2/17 -4 -20 ,750000

കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവഹണത്തിനായി മേൽ ട്രഷറി ബിൽ പ്രകാരം തുക പിൻവലിച്ച് ഡെപ്യൂട്ടി ഡയറക്ടർ, SLBPക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. (ഓഡിറ്റ്എൻക്വയറി- 47/1-2-22)

പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 അഡ്വാൻസ് തുകകൾ അനുവദിച്ചത് - തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് ജി.ഒ(പി)490/2011 തീയതി 4.10.11 പ്രകാരം വിവിധ പ്രവൃത്തികൾക്കായി നൽകുന്ന മുൻകൂർ തുകകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം എന്നും നിശ്ചിത സമയപരിധിക്കകം

അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ പതിനെട്ട് ശതമാനം പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 മുതലുള്ള അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | കക്ഷിയുടെ പേര് | തുക | അഡ്വാൻസിന്റെ വിവരം |
|---|---|---|---|---|
| 1 | 05.05.16 | പി.കെ.ജയാനന്ദൻ, PWO | 35000 | ക്രിമറ്റോറിയത്തിലെ കെട്ടിടത്തിൽ ഇലക്ട്രിക്കൽ കണക്ഷൻ പുനസ്ഥാപിക്കുന്നതിനും മോട്ടോർ പുനസ്ഥാപിക്കുന്നതിനും |
| 2 | 05.05.16 | വി.പോൾ തോമാസ്, എച്ച് ഐ | 7000 | നഗരസഭ അഗതി മന്ദിരം, സെപ്റ്റിക് ടാങ്ക്, കുഴൽ കിണർ റിപ്പയർ |
| 3 | 11.05.16 | പി.കെ ജയാനന്ദൻ, PWO | 5000 | നിയമസഭ ഇലക്ഷൻ ബൂത്ത് സജ്ജികരിക്കൽ |
| 4 | 02.07.16 | വി.പോൾ തോമാസ്, എച്ച് ഐ | 2500 | നഗരസഭ വാർഡ്-5 തെങ്ങ് മുറിച്ച് മാറ്റുന്നതിന് |
| 5 | 15.07.16 | വി.വി രാജീവ്, AFO, കൃഷിഭവൻ | 100000 | നാട്ടുപച്ച2016 |
| 6 | 27.10.16 | ഡോ.ലസിത.കെ, മെഡിക്കൽ ഓഫീസർ, പൂക്കോട് | 7000 | PHC ലാബിലേക്ക് ലിവർ ഫക്ഷൻ ടെസ്റ്റിനായുള്ള പരിശോധന കിറ്റ് വാങ്ങുന്നതിന് |
| 7 | 19.12.16 | പോൾ തോമസ്സ്, എച്ച് ഐ, | 1000 | 18 ാം വാർഡ് അനധികൃത ഷെഡ് പൂട്ടും ചങ്ങലയും വാങ്ങുന്നതിന് |
| 8 | 21.01.17 | പി.കെ ജയാനന്ദൻ, PWO | 6750 | വാർഡ് 26, 105-ാം നമ്പർ അംഗനവാടി രജിസ്ട്രേഷൻ |
| 9 | 27.01.17 | പി.കെ ജയാനന്ദൻ, PWO | 13650 | 38-ാം വാർഡ്, 109-ാം നമ്പർ അംഗനവാടി രജിസ്ട്രേഷൻ |
| 10 | 21.8.17 | ജോയ്ഫ്രീ സുദർശൻ | 4000 | വാർഡ് 35 മരം മുറിച്ച് മാറ്റിയതിന് |
| 11 | 8.1.18 | നിഷാന്ത്.പി.എസ് PWO III | 23000 | 4-ാം വാർഡ്, 83-ാം നമ്പർ അംഗനവാടി ഭൂമി രജിസ്ട്രേഷൻ |
| 12 | 2.3.18 | രാജീവ്, ജെ എച്ച് ഐ | 3500 | വാർഡ് 22 തെങ്ങ് മുറിച്ച് മാറ്റുന്നതിന് |
| 13 | 13.3.28 | ശ്രീവത്സൻ PWO III | 30000 | 1.5എച്ച് പി മോട്ടർ തൈക്കാട് കോളനിയിലേക്ക് വാങ്ങുന്നചിന് |
| 14 | 13.6.18 | ശ്രീവത്സൻ PWO III | 8000 | ഗ്യാസ് ക്രിമിറ്റോറിയം ജനറേറ്റർ വയറിംഗ് |
| 15 | 17.10.18 | മധു, ജെ എച്ച് ഐ | 1950 | തെങ്ങ് മുറിച്ച് മാറ്റുന്നതിന് അനുവദിച്ചത് |

| | | | | |
|---|---|---|---|---|
| 16 | 23.11.18 | സുബീഷ്, ജെ എച്ച് ഐ | 9300 | അപകടാവസ്ഥയിലുള്ള മരം മുറിച്ച് മാറ്റുന്നതിന് |
| 17 | 23.11.18 | മണികണ്ഠൻ.കെ.എസ് | 20000 | പകൽവീട്, വാട്ടർ എടിഎം, മൃഗാശുപത്രി എന്നിവിടത്തേക്ക് വൈദ്യുതീകരണം |
| 18 | | മധു, ജെ എച്ച് ഐ | 1900 | തെങ്ങ് മുറിച്ച് മാറ്റുന്നതിന് അനുവദിച്ചത് |
| 19 | 27.3.19 | വാർഡ് സാനിറ്റേഷൻ കമ്മിറ്റി | 430000 | ശുചിത്വ മിഷൻ ആരോഗ്യ ജാഗ്രത- വാർഡ് 1ന് 10000 രൂപ വീതം 43വാർഡിന് കൺവീനർ /ചെയർമാൻ വാർഡ് സാനിറ്റേഷൻ കമ്മിറ്റി എന്ന അക്കൗണ്ടിലേക്ക് അനുവദിച്ചത് |
| 20 | 28.3.19 | വാർഡ് സാനിറ്റേഷൻ കമ്മിറ്റി | 45000 | പ്രളയം കൂടുതൽ ബാധിച്ച 6,11,40 വാർഡുകളിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് കൺവീനർ /ചെയർമാൻ വാർഡ് സാനിറ്റേഷൻ കമ്മിറ്റി എന്ന അക്കൗണ്ടിലേക്ക് അനുവദിച്ചത് |
| 21 | 29.5.19 | നഗരസഭ സെക്രട്ടറി | 25000 | സ്വച്ഛ ഭാരത് മിഷൻ - ഡൽഹിയിൽ വെച്ച് നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കുന്നതിന് ബഹു. സെക്രട്ടറിയ്ക്ക് അനുവദിച്ചത് |
| 22 | 268.19 | രാജീവൻ.കെ ജെ എച്ച് ഐ | 9000 | നഗരസഭയിൽ സിസി ടി വി ക്യാമറ സ്ഥാപിക്കുന്നതിന് |
| 23 | 31.8.19 | വാർഡ് സാനിറ്റേഷൻ കമ്മിറ്റി | 645000 | 2019ലെ മഴക്കാല പൂർവ്വശുചീകരണത്തിനായി 43വാർഡുകൾക്ക് 15000രൂപ വീതം അനുവദിച്ചത് |
| 24 | 4.9.19 | സുബീഷ് ജെ.എച്ച്.ഐ | 2500 | അപകടാവസ്ഥയിലുള്ള മരം മുറിച്ച് മാറ്റുന്നതിന് |
| 25 | 10.6.20 | വാർഡ് സാനിറ്റേഷൻ കമ്മിറ്റി | 645000 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് 15000 വീതം വാർഡ്തല സാനിറ്റേഷൻ കമ്മിറ്റി എന്ന അക്കൗണ്ടിലേക്ക് അനുവദിച്ചത് |
| 26 | 25.11.20 | ഷൈലജ.വി.ആർ, ക്ലാർക്ക് | 50000 | 2020 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് |

| | | | | |
|---|---|---|---|---|
| | | | | ചെലവുകൾക്കായി അനുവദിച്ചത് |
| 27 | 7.12.20 | ഷൈലജ.വി.ആർ, ക്ലാർക്ക് | 900000 | 2020 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് ചെലവുകൾക്കായി അനുവദിച്ചത് |
| 28 | 28.12.20 | ഷൈലജ.വി.ആർ, ക്ലാർക്ക് | 150000 | 2020 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് ചെലവുകൾക്കായി അനുവദിച്ചത് |
| 29 | 15.1.21 | ജിജ്ജ.പി.വി, എച്ച് ഐ | 200000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് അനുവദിച്ചത് |
| 30 | 10.3.21 | റിജേഷ്, ജെ എച്ച് ഐ | 20000 | കുടിവെള്ള വിതരണം ടാങ്കുകൾ റിപ്പയർ ചെയ്യുന്നതിന് |

സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലാത്ത മേൽ പ്രകാരമുള്ള തുകകൾ പതിനെട്ട് ശതമാനം പലിശ സഹിതം തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 എബി സി പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെൽത്ത് സൂപ്രണ്ട്
പ്രോജക്ട് നം - 217/21

ബിൽ നം - 5/20-21/16.1.21 തുക 250000

ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീയ്ക്ക് ആണ് പദ്ധതി നടത്തിപ്പിനായി തുക കൈമാറിയിരിക്കുന്നത്. കുടുംബശ്രീയുടെ 23.6.21ലെ 1199/സി/16/കെ എസ്/ടി എസ് ആർ കത്ത് പ്രകാരം 19-20,20-21വർഷങ്ങളിൽ 670000രൂപ ലഭിച്ചതിൽ 522900രൂപ ചെലവഴിച്ചതായി പറയുന്നു. ബാക്കി തുകയുടെ വിനിയോഗ വിവരം കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിക്കാത്ത പക്ഷം ബാക്കി തുക 147100/-രൂപാ തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-26 സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ- സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെൽത്ത് സൂപ്രണ്ട്
പ്രോജക്ട് നം - 55/21

ബിൽ നം - 1/20-21/23.11.20 തുക 65302

ബിൽ നം - 9/20-21/20.3.21 തുക 249950

നഗരസഭ പ്ലാൻഫണ്ട്, ശുചിത്വ മിഷൻ, സംസ്ഥാന വിഹിതം എന്നിവ വിനിയോഗിച്ച് സ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യം 13500 യൂണിറ്റ് കോസ്റ്റ് വരുന്ന 7.5 Kg/day(1 M3) ശേഷിയുള്ള FRPയിൽ നിർമ്മിച്ച വാട്ടർ ജാക്കറ്റ് സംവിധാനത്തോട് കൂടിയ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് 56 എണ്ണം സ്ഥാപിക്കുന്നതിനുള്ള തുകയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ആയതിന് 29.9.20 ന് D/ 385 /TS010 / DSM /TSR/ 2021ാം നമ്പർ ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. അക്രഡിറ്റഡ് ഏജൻസിയായ IRTC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 28.9.20ന് IRTC യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

കരാർ പ്രകാരം അഞ്ച് ഗഡുക്കളായാണ് തുക കൈമാറേണ്ടത്. അടങ്കലിന്റെ 20% ആദ്യഗഡു അഡ്വാൻസ് തുക അനുവദിച്ച് ആയതിന്റെ 90% ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് അടുത്ത ഗഡു അനുവദിക്കേണ്ടത്. 17.3.21 ന് 56സ്ഥാപനങ്ങളിൽ ബയോഗ്യാസ് സ്ഥാപിക്കാൻ ആവശ്യപ്പെട്ട് IRTCയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1എത്ര സ്ഥാപനങ്ങളിൽ പ്ലാന്റ് സ്ഥാപിച്ചു എന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് ( എൻക്വയറി നം - 52/1.2.22) 56 എണ്ണം സ്ഥാപിച്ച എന്ന് മറപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

2. ഏതെല്ലാം സ്ഥാപനങ്ങളെയാണ് പദ്ധതി നിർവ്വഹണത്തിനായി തിരഞ്ഞെടുത്തത് എന്നും, സ്ഥാപനങ്ങളെ തിരഞ്ഞെടുത്തുകൊണ്ടുള്ള കൗൺസിൽ തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

3. IRTC മേൽ ബില്ലുകൾ പ്രകാരമുള്ള പ്ലാൻ ഫണ്ട് തുക മാത്രമാണ് ചെലവായതായി കാണുന്നത്. കേന്ദ്ര- സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് കേന്ദ്ര- സംസ്ഥാന വിഹിതങ്ങൾ ചെലവഴിച്ചിട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4.അടങ്കലിന്റെ 20%ആദ്യഗഡു അഡ്വാൻസ് തുക അനുവദിച്ച് ആയതിന്റെ 90%ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് അടുത്ത ഗഡു അനുവദിക്കേണ്ടത് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ ഇപ്രകാരമുള്ള വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.

5. 56 എണ്ണം സ്ഥാപിച്ചു എന്നു IRTC റിപ്പോർട്ട് ചെയതിട്ടുണ്ടെങ്കിലും നിലവിൽ സ്ഥാപിച്ചവ പ്രവർത്തന ക്ഷമമാണോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 വ്യക്തിഗത ബയോ ഡൈജസ്റ്റർ പോട്ട് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെൽത്ത് സൂപ്രണ്ട്
പ്രോജക്ട് നം - 54/21

ബിൽ നം - 2/20-21/23.11.20 തുക 651739

ബിൽ നം - 8/20-21/20.3.21 തുക 2606958

നഗരസഭ ഫണ്ട്, സ്വച്ഛ ഭാരത് മിഷൻ, ശുചിത്വ മിഷൻ, ഗുണഭോക്തൃവിഹിതം എന്നിവ വിനിയോഗിച്ച് 5711 പേർക്ക് 1800രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന ബയോ കമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ആയതിന് 5.10.20 ന് 41 /C2 /2009/ എസ് എം (2) നമ്പർ ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. അക്രഡിറ്റഡ് ഏജൻസിയായ IRTC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. IRTC 5711പേർക്ക് കമ്പോസ്റ്റ് ബിൻ വിതരണം ചെയ്തതിന്റെ ഇൻവോയ്സുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ എത്ര പേരുടെ ഗുണഭോക്തൃ ലിസ്റ്റാണ് കൗൺസിൽ അംഗീകരിച്ചത് എന്ന് വ്യക്തമല്ല.

2. പദ്ധതിയിൽ 10% ഗുണഭോക്തൃവിഹിതവും വകയിരുത്തിയിട്ടുണ്ട്. എന്നാൽ എത്ര പേരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട് എന്ന് വ്യക്തമല്ല. 5711 പേരിൽ നിന്നും പിരിച്ചെടുത്തതായി ഓഡിറ്റ് എൻക്വയറിക്ക് (52/1.2.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

3.5711 പേർക്ക് വിതരണം നടത്തി എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

4.IRTC യ്ക്ക് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമല്ല. മേൽ ബില്ലുകൾ പ്രകാരമുള്ള പ്ലാൻ ഫണ്ട് തുക മാത്രമാണ് ചെലവായതായിചെലവ്പത്രികയിൽ കാണുന്നത്. ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

5. അടങ്കലിന്റെ 20%ആദ്യഗഡു അഡ്വാൻസ് തുക അനുവദിച്ച് ആയതിന്റെ 90%ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് അടുത്ത ഗഡു അനുവദിക്കേണ്ടത് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ ഇപ്രകാരമുള്ള വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.

6. ശുചിത്വ മിഷന്റെ മോണിറ്ററിംഗ് റിപ്പോർട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 1-28 സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം.

14/2/18 തിയ്യതിയിലെ സ.ഉ.(കൈ) നംപർ 22/18 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം പതിമൂന്നാം പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ് വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്. എന്നാൽ കായിക വിനോദങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതികൾ ഒന്നും തന്നെ തൻ

വർഷത്തിൽ ആസൂത്രണം ചെയ്തിട്ടില്ലായെന്ന് കാണുന്നു. ടി കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/27-1-22) ലഭ്യമാക്കിയ മറുപടി പ്രകാരം അമൃത് പദ്ധതി പ്രകാരം വിവിധ കളിക്കളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നതിലാണ് കായിക വിനോദങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതികൾ തൻ വർഷം നടപ്പാക്കാത്തതെന്നാണ്. ജനസാന്ദ്രതയേറിയ നഗര പ്രദേശമായതിനാൽ ഭൂമിയുടെ ലഭ്യത കുറവ് വിശാലമായ കളിക്കളങ്ങൾ നിർമിക്കുന്നത് അപ്രായോഗികമാക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള കളിക്കളങ്ങൾ നവീകരിക്കുന്നതാണ് കരണീയം, എന്നിരുന്നാലും ചെറിയ ടർഫുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ മുതലായവ നിർമിക്കുന്നതിന് സാദ്ധ്യത കാണുന്നു. ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്, സ്കൂൾ കുട്ടികൾക്ക് അത്‌ലറ്റിക്സ് പരിശീലനം തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. കേരളത്തിലെ നഗരസഭകളിൽ ഏറ്റവും പ്രശസ്തമായ ഗുരുവായൂർ നഗരസഭയിൽ സ്വന്തമായി ഒരു മിനി സ്റ്റേഡിയം ഇല്ലായെന്നത് ഒരു പോരായ്മയാണ്. ആയതിനാൽ സ്പോർട്സ് കൗൺസിൽ എത്രയും വേഗം രൂപീകരിച്ച് കളിക്കളങ്ങളിലേക്ക് വ്യായാമത്തിനും, ഉല്ലാസത്തിനുമായി പൊതുജനങ്ങൾ വരുന്ന സാഹചര്യം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-29 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

ഗുരുവായൂർ നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല.ഇതുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/31-1-22)ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് രൂപീകരിച്ചിട്ടില്ലായെന്നും പെൻഷൻ കോൺട്രിബ്യൂഷൻ തുക അക്കൗണ്ടിലേക്ക് അടവാക്കുന്നില്ലായെന്നും, ടി പെൻഷൻ ഫണ്ടിൽ നിന്ന് പെൻഷൻ കൊടുക്കുന്നതിനുള്ള തുക ലഭ്യമാകുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. 1997 ലെ കേരള മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ എച്ച് 7 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിൽ തനത് ഫണ്ടിൽ നിന്ന് കൂടുതൽ തുക ടി ഇനത്തിൽ ചെലവ് വരുന്നതിനിടയാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-30 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗര സഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അതത് മാസം അടവക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ അപ്രകാരം അടവാക്കുന്നില്ലെന്ന് പരിശോധനയിൽ കാണപ്പെട്ടു, ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/24.01.2022) ലഭ്യമാക്കിയ മറുപടി പ്രകാരം നഗര സഭാ സെക്രട്ടറിക്ക് 2018 വരെ നൽകിയ ശമ്പളവും മറ്റലവൻസുകളും ട്രഷറിയിൽ അടവാക്കിയിട്ടുള്ളതാണെന്നും, പ്രളയവും, കോവിഡും മൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുടർന്ന് അടവാക്കിയിട്ടില്ലെന്നും മനസ്സിലാക്കുന്നു. നഗരസഭാ സെക്രട്ടറി മുൻസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

## 1-31 ആയൂർവേദ മരുന്നുകൾ ലഭ്യമായിട്ടില്ല.(20 -21)

പ്രോജക്ട് നമ്പർ S0015/21.

ട്രഷറി ബിൽ നം.46/2020/21 Dtd.11/12/20. 3500000/ -

നിർവ്വഹണ ഉദ്യോഗസ്ഥൻ - ചീഫ് മെഡിക്കൽ ഓഫീസർ.

ആയൂർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി 35ലക്ഷം രൂപ ഔഷധി എന്ന സ്ഥാപനത്തിന് മുൻകൂർ നല്കിയിട്ടുണ്ട്. ആയതിൽ തൈക്കാട് ആയൂർവേദ ആശുപത്രി വിഹിതമായ 6 ലക്ഷത്തിന്റെ മരുന്നിൽ 515006/-രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 84994/- രൂപയുടെ മരുന്ന് നാളിതുവരെയായും ലഭിച്ചിട്ടില്ല. മറ്റ് രണ്ട് ആയൂർവേദ ആശുപത്രികളിലേക്ക് അനുവദിച്ചിട്ടുള്ള മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.6/21.1.22.നുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വെയ്ക്കുകയും പരിശോധനയ്ക്ക് ഹാജരാക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 വെള്ളക്കരം -സംയുക്ത പരിശേധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

നഗരസഭയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻവർഷത്തിൽ തുക അടവാക്കിയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2020-21വർഷത്തിൽ 45,68,582രൂപ പലിശ സഹിതം കുടിശ്ശികയായതായി കാണുന്നു. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിലുള്ള ടാപ്പുകൾക്ക്

മാത്രമാണോ കരം അടവാക്കുന്നതെന്നും, പൊതുടാപ്പുകളിൽ ആവശ്യത്തിന് വെള്ളം ലഭ്യമാകുന്നുണ്ടോയെന്നും അറിയുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.22/25-1-22) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് മുൻ കാലങ്ങളിൽ യഥാസമയം ബിൽ ലഭ്യമാകാത്തതിനാൽ ആ സമയത്തെ കുടിശ്ശിക ചേർത്താണ് ബിൽ ഡിമാന്റ് ചെയ്യുന്നതെന്നും കുടിശ്ശിക ഒഴിവാക്കി തൻ മാസത്തെ ഡിമാന്റ് തുക മാത്രമാണ് അടവാക്കി വരുന്നതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും ഉപയോഗശൂന്യമായി കണ്ടെത്തുന്ന ടാപ്പുകളുടെ കരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വെള്ളക്കരം യഥാസമയം അടവാക്കാത്തത് ഭീമമായ കുടിശ്ശിക വരാനിടയാക്കുവാനും തുടർന്ന് തീർപ്പാക്കുന്ന സമയത്ത് തനത് ഫണ്ടിൽ നിന്ന് ഭാവിയിൽ വലിയ തുകക്കുള്ള ബാദ്ധ്യത വരുത്തുകയും ചെയ്യും ആയതിനാൽ 13/9/13 തിയ്യതിയിലെ സ.ഉ.(ആർ.ടി.)2334/13 ത.സ്വ.ഭ.വ, 10/1/96 തിയ്യതിയിലെ സർക്കുലർ നമ്പർ 44485/B-3/ ത.സ്വ.ഭ.വ പ്രകാരമുള്ള നടപടികൾ പാലിച്ച് വൻ തുകയുടെ കുടിശ്ശിക ഡിമാന്റ് വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-33 സ്യൂട്ട് റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ലീഗൽ ചാർജ് സർക്കാർ അനുമതി തേടിയിട്ടില്ല.

നഗരസഭയിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസിനത്തിൽ എഴുപത്തിയൊന്നായിരത്തി ഇരുന്നൂറ്റിപതിനാറ് രൂപ നൽകിയിട്ടുണ്ട്, എന്നാൽ ടി വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ സംബന്ധിച്ച വിശദാംശങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്ത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് കൂടാതെ ഗുരുവായൂർ ദേവസ്വം മാനേജ്മെന്റ് കമ്മിറ്റിയുമായി അംശാദായം ലഭ്യമാകുന്നത് സംബന്ധിച്ച് സ്പെഷൽ ലീവ് പെറ്റീഷൻ സിവിൽ കേസിൽ ബഹു.സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് ശ്രീ ഗിരീഷ് കുമാർ എന്ന അഡ്വക്കറ്റിന് ലീഗൽ ചാർജിനത്തിൽ 67,000/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 6155/20.11.20). 18-2-16 ലെ സ.ഉ.36/16 ത.സ്വ.ഭ.വ. പ്രകാരം അൻപതിനായിരം രൂപയിൽ അധികമായി നൽകുന്ന ലീഗൽ ചാർജ്ജുകൾക്ക് സർക്കാർ അനുമതി ആവശ്യമാണ്. ടി അനുമതി ലഭ്യമായിട്ടുണ്ടോയെന്ന കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/29-1-22) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്. മേലിൽ പരിധിയിൽ കവിഞ്ഞ ലീഗൽ ചാർജ്ജുകൾ സർക്കാർ അനുമതിയോടെ മാത്രം അനുവദിക്കണമെന്ന നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

## 1-34 അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം.

ഗുരുവായൂർ നഗരസഭയിൽ നിലവിൽ അറുപത്തിനാല് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് അൻപത്തിനാലെണ്ണത്തിനാണ്, വാടക കെട്ടിടത്തിൽ ഏഴെണ്ണം പ്രവർത്തിക്കുന്നു. മൂന്നെണ്ണം വാടക രഹിത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാൽപ്പത്തിയഞ്ചെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, എൽ.പി.ജി.കണക്ഷനുമുണ്ട്. വാട്ടർ കണക്ഷനുള്ളത് കേവലം രണ്ടെണ്ണത്തിനാണ് ബാക്കിയെല്ലായിടത്തും കിണർ വെള്ളം ഉപയോഗിക്കുന്നു. വൈദ്യുതീകരിക്കാത്ത ഒരു അംഗൻവാടിയുമുണ്ട്.

പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണെങ്കിലും, ബേബി ഫ്രണ്ട്ലിയായ ഒരു അംഗൻവാടി പോലുമില്ല എന്നത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. ടി അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം സ്ഥലം കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 വാഹന പരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.എൻ-5603 ബൊലേറോ ജീപ്പ്, കെ.എൽ-46 ആർ- 4645 ഇന്നോവ ക്രിസ്റ്റ, കെ.എൽ.46 എഫ് 2912 സിഫ്റ്റ് കാർ, കെ.എൽ 46 വി 6033 ബൊലേറോ ജീപ്പ് എന്നിവയുടെ ലോഗ് ബുക്ക് റിപ്പയർ റജിസ്റ്റർ, ഫ്യവൽ റജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല.

3)ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, ആയതിനാൽഅത് പ്രകാരമുള്ള ഇന്ധനക്ഷമത വാഹനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നംപർ 41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

5)വാഹനങ്ങൾ ഇൻഷൂർ ചെയ്തിരിക്കുന്നത് നാഷണൽ ഇൻഷൂറൻസ്, ഐ.സി.ഐ.സി.ഐ ഇൻഷൂറൻസ് എന്നീ കമ്പനികളിലാണ് എന്നാൽ 8-4-2000 തിയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ.819/2000/ധനം. പ്രകാരം വാഹനങ്ങൾ കേരള സ്റ്റേറ്റ് ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റിൽ ഇൻഷൂർ ചെയ്യേണ്ടതാണ്.

6) മുനിസിപാലിറ്റി ചട്ടം 4 പ്രകാരം വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധ വർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല.

ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്താണ് .

ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു

വാഹനത്തിന്റെ ഉപയോഗത്തെകുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-36 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.

| പദ്ധതി നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | ട്രഷറി ബിൽ നം. തിയ്യതി |
|---|---|---|---|---|
| 8/20-21 | കാൻ, തൃശ്ശൂർ | സെക്രട്ടറി | 250000 | 1/15.04.20 |
| 278/20-21 | കാൻ, തൃശ്ശൂർ | സെക്രട്ടറി | 250000 | 22/26.03.21 |

മേൽ പദ്ധതികൾ പ്രകാരം 500000/- രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ടി തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായി ലഭ്യമായിട്ടില്ല, ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ആയത് എത്രയും വേഗം ലഭ്യമാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-37 ഉപയോഗ ശൂന്യമായ കസേരകൾ കയ്യൊഴിക്കണം

നഗരസഭയുടെ ടൗൺ ഹാൾ നവീകരണവുമായി ബന്ധപ്പെട്ട് താഴത്തെ നിലയിൽ നിന്ന് പൊളിച്ച് മാറ്റിയ മുന്നൂറ്റിയൻപതോളം വരുന്ന കസേരകൾ ടൗൺഹാളിന്റെ മുകളിൽ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നു. വർഷങ്ങളായി മഴയും, വെയിലുമേറ്റ് ടി കസേരകൾ ഉപയോഗശൂന്യമായ നിലയിലാണ്. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/തി.24-1-22) ലഭ്യമാക്കിയ മറുപടി പ്രകാരം പൊളിച്ച് മാറ്റിയ കസേരകളിൽ ഉപയോഗയോഗ്യമായവ നഗരസഭക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും പ്രൈവറ്റ് ബസ്സ്റ്റാൻഡിലും ഉപയോഗിച്ചു വരുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്. കസേരകൾ അലക്ഷ്യമായി വർഷങ്ങളോളം കൈവശം വെച്ചതിനാൽ നിറം മങ്ങുകയും തുരുമ്പു പിടിക്കുകയും ചെയ്ത നിലയിലാണ്. 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും)ചട്ടങ്ങൾക്ക് വിധേയമായി ശേഷിക്കുന്ന കസേരകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-38 പ്രസാദ് പദ്ധതി -ഫെസിലിറ്റേഷൻ, അമിനിറ്റി സെന്ററുകൾ തുറന്ന് കൊടുക്കണം.

ഗുരുവായൂർ നഗരസഭയിൽ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ചിരിക്കുന്ന കിഴക്കേ നടയിലെ ഫെസിലിറ്റേഷൻ സെന്റർ, പടിഞ്ഞാറെ നടയിലെ ടൂറിസ്റ്റ് അമിനിറ്റി സെന്റർ, എന്നിവ പണി പൂർത്തീകരിച്ച് ശേഷം നാളിതു വരെയായിട്ടും സന്ദർശകർക്കായി തുറന്ന് കൊടുത്തിട്ടില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 24ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി സെന്ററുകൾ ഏറ്റെടുത്ത് നടത്തുന്നതിനായി ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുമായി ധാരണാപത്രം

ഒപ്പ് വെച്ചിട്ടുണ്ടെന്നും, ടെണ്ടർ ചെയ്യുന്നതിനായിട്ടുള്ള ലേല വ്യവസ്ഥകളും, കൗൺസിൽ ചർച്ചക്ക് അജണ്ടയായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വാണിജ്യ പ്രാമുഖ്യമുള്ള പടിഞ്ഞാറെ നടയിലെ പ്രധാന റോഡ് ജംഗ്ഷനിൽ പ്രധാനമായും ടോയ് ലറ്റുകളും വാഷ് റൂമുകളും ഉൾപ്പെടുന്ന ടൂറിസ്റ്റ് അമിനിറ്റി സെന്റർ പണിതത് മൂലം വാണിജ്യപരമായി ടി സ്ഥലം ഉപയോഗപ്പെടുത്താവുന്നതിന്റെ സാദ്ധ്യതയില്ലാതായിരിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി പണികഴിപ്പിച്ചിരിക്കുന്ന സെന്ററുകൾ എത്രയും വേഗം സന്ദർശകർക്കായി തുറന്ന് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് വിതരണം - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :ഹെൽത്ത് സൂപ്രണ്ട്

പ്രോജക്റ്റ് നം - 53/21

ബിൽ നം - 3/20-21/23.11.20 തുക 380400

ബിൽ നം - 7/20-21/30.3.21 തുക 760800

വീടുകളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ 12000 രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന 5 Kg/day(0.75 M3) ശേഷിയുള്ള FRPയിൽ നിർമ്മിച്ച വാട്ടർ ജാക്കറ്റ് സംവിധാനത്തോട് കൂടിയ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് 500 എണ്ണം സ്ഥാപിക്കുന്നതിനായി നഗരസഭ ഫണ്ട്, സ്വച്ഛ ഭാരത് മിഷൻ, ശുചിത്വ മിഷൻ, ഗുണഭോക്തൃവിഹിതം എന്നീ തുകകളാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ആയതിന് 5.10.20 ന് 41 /C2 /2009/ എസ് എം (1) നമ്പർ ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. അക്രഡിറ്റഡ് ഏജൻസിയായ IRTC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. IRTC യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. IRTCയുടെ ഇൻവോയ്സുകൾ പ്രകാരം 264പേർക്ക് വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് കൗൺസിൽ അംഗീകരിച്ച് കാണുന്നില്ല.

2. ഗുണഭോക്തൃവിഹിതം അടവാക്കിയിതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3. അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.

4.ഗുണഭോക്തൃവിഹിതം സ്ഥാപനത്തിന് കൈമാറിയതിന്റെ രേഖകളില്ല.

5. പദ്ധതി പ്രകാരം വകയിരുത്തിയ ഫണ്ടുകളിൽ പ്ലാൻഫണ്ട് ചെലവിന്റെ വിശദാംശങ്ങൾ മാത്രമാണ് ചെലവ് പത്രികയിൽ ഉള്ളത്. ഓരോ ഫണ്ടും എത്ര ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് കേന്ദ്ര-സംസ്ഥാന വിഹിതമായി 699600 രൂപ ചെലവഴിച്ചതായി പറയുന്നു. ബാക്കി തുക നൽകാനുള്ളതായും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുക മുഴുവൻ അടവാക്കേണ്ടതാണ്.

6.അടങ്കലിന്റെ 20%ആദ്യഗഡു അഡ്വാൻസ് തുക അനുവദിച്ച് ആയതിന്റെ 90%ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് അടുത്ത ഗഡു അനുവദിക്കേണ്ടത് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-40 മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.

നഗരസഭ പരിധിയിലുള്ള വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് മരുന്നുകൾ /ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം | പദ്ധതിയുടെ പേര്/ പദ്ധതി നം | തുക കൈമാറിയ സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | ബിൽ നം/ തിയതി / തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഗുരുവായൂർ അർബൺ ഹെൽത്ത് സെന്ററിലേക്ക് | KMSCL | PRF 5743/30.3.20 | 10/20-21/ 8.6.20 തുക | ഇൻഡന്റ് തയ്യാറാക്കിയിട്ടില്ല നോൺ |

| | | | | | |
|---|---|---|---|---|---|
| | ആവശ്യമായ മരുന്ന് വാങ്ങൽ<br>475/21 | | | 213827 | അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 2 | പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ<br>470/21 | KMSCL | PRF 5022/4.3.20 | 12/20-21/ 22.5.20 തുക 86585 | ഇൻഡന്റ് തയ്യാറാക്കിയിട്ടില്ല<br>നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 3 | പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കിലേക്ക് ആവശ്യമായ മരുന്ന്, സാധന സാമഗ്രികൾ വാങ്ങൽ<br>35/21 | KMSCL | PRF 3992/27.12.20 | 26/20-21/ 14.1.21 തുക 200000 | |
| 4 | പൂക്കോട് പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ<br>38/21 | KMSCL | PRF 3993/22.12.20 | 40/20-21/ 17.2.21 തുക 100000 | ഇൻഡന്റ് തയ്യാറാക്കിയിട്ടില്ല<br>നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 5 | പൂക്കോട്, ഗുരുവായൂർ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ<br>492/21 | ഹോംകോ | പ്രോഫോർമ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല | 27/20-21/ 14.1.21 തുക 500000 | 91950രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. 408050രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കിയിട്ടില്ല. |
| 6 | പെയിൻ ആന്റ് പാലിയേറ്റീവ്<br>473/21 | KMSCL | പ്രോഫോർമ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല | 3/20-21/ 27.5.20 തുക 386000 | ഇൻഡന്റ് തയ്യാറാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 7 | പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ജീവിതശൈലി രോഗനിയന്ത്രണ പരിപാടിയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ<br><br>472/21 | KMSCL | PRF 5770/31.3.20 | 1)ബിൽ നം - 16/20-21/ 22.5.20 തുക 27330<br>2)ബിൽ നം - 6/20-21/ 22.5.20 തുക 70000 | |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-41 അമൃത് പദ്ധതി

നഗരസഭയുടെ വികസനത്തിനായി കേന്ദ്ര-സംസ്ഥാനസർക്കാർ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ്. 50% കേന്ദ്രഫണ്ട്, 30% സംസ്ഥാനഫണ്ട് 20% നഗരസഭാവിഹിതം എന്നിങ്ങനെയാണ് പദ്ധതിയുടെ ഫണ്ട് വിഹിതം.

ഗുരുവായൂർ നഗരസഭയിൽ അമൃത് പദ്ധതിയിൻ കീഴിൽ 5 പ്രോജക്ടുകളാണ് നടപ്പാക്കുന്നത്.

1. Storm Water Drainage ---13.85 കോടി

2.Green Space And Park --- 5.5കോടി

3.Urban Transportation ---- 33.57കോടി

4.Water Supply ----- 151.7കോടി

5.Sewerage -Construction Of Septage Treatment Plant --- 4.50കോടി

ആകെ 209.12കോടിയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. 20-21 ഓഡിറ്റ് കാലയളവിൽ ആകെ ₹ 36,83,21,206-വരവും ₹ 33,14,34,370-ചെലവുമുണ്ട്. ആകെ 11പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

നാളിതുവരെയുള്ള ചെലവ് ₹ 137.2 കോടിയാണ്. (നഗരസഭ അടവാക്കിയ വിഹിതം 29,46,37,205 )

അമൃത് പദ്ധതിയുടെ ഭാഗമായി പണി പൂർത്തിയാക്കിയ പ്രവൃത്തികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) 33.57 കോടി രൂപ വകയിരുത്തിയിട്ടുള്ള Urban Transportation പ്രകാരം, നടപ്പാതകൾ പണികഴിപ്പിച്ചിരിക്കുന്നത് റോഡിന്റെ വീതിക്ക് ആനുപാതികമായിട്ടല്ല. പല സ്ഥലങ്ങളിലും റോഡിനും, നടപ്പാതക്കും ഏതാണ്ട് തുല്യ വീതിയുള്ളതായി കാണുന്നു ഉദാ. ഇന്നർ റിങ്ങ് റോഡ്. നടപ്പാതകൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് റഗുലേഷൻ പ്രകാരമുള്ള വീതി നിഷ്കർഷിച്ചിട്ടുണ്ടെന്നും, നടപ്പാതകൾ എന്നത് പ്രധാനമായും കാൽനടക്കാർക്ക് ഉപയോഗിക്കാനുള്ളതാണെന്നും, അംഗീകാരമുള്ള കൺസൽട്ടൻസി തയ്യാറാക്കിയ ഡി.പി.ആർ-ന് കൗൺസിൽ അംഗീകാരമുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്, നടപ്പാതകളുടെ വീതി കൂടുതൽ കാരണം ഇരുവശത്തേക്കുമുള്ള വാഹന ഗതാഗതം സുഗമമല്ല, ഭാവിയിൽ റോഡ് വികസനം വേണ്ടി വരുമ്പോൾ നടപ്പാതകൾ പ്രതിസന്ധി സൃഷ്ടിക്കാനുള്ള സാദ്ധ്യതയുണ്ട്.

2) നടപാതകൾ പണിതപ്പോൾ റോഡിൽ കെ.എസ് .ഇ.ബി സ്ഥാപിച്ചിരിക്കുന്ന ട്രാൻസഫോർമറുകളും മറ്റ് ഇലക്ട്രിക്ക് പോസ്റ്റുകളും റോഡിന്റെ മധ്യഭാഗത്തായതായി കാണുന്നു. ഉദാ.തെക്കേ ഔട്ടർ റിങ്ങ് റോഡിലെ പോലീസ് സ്റ്റേഷൻ റോഡ് ജങ്ങ്ഷൻ. ഇത് നിലവിലെ റോഡിന്റെ വീതി ഗതാഗതത്തിന് പ്രയോജനപ്പെടുത്തുന്നതിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥലം വഴി വാണിഭക്കാർ അനധികൃതമായി കയ്യടക്കുന്നതിനും ഇടയാക്കും. പ്രസ്തുത നിർമിതികൾ പുതിയ നിർമിതികളാണെന്ന് മനസ്സിലാക്കുന്ന, വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ് മൂലമാണ് ടി അപാകത സംഭവിച്ചതെന്ന് നിരീക്ഷിക്കുന്നു.

3) അനുദിനം വർദ്ധിച്ചു വരുന്ന തീർഥാടകരെ ഉൾക്കൊള്ളാനാകാതെ വീർപ്പുമുട്ടുന്ന ഗുരുവായൂർ നഗരത്തിലെ റോഡുകളിലെ ഏതൊരു നിർമ്മാണ പ്രവർത്തിയും അടുത്ത അമ്പത് വർഷത്തെ വികസനം മുന്നിൽ കണ്ടുകൊണ്ടായിരിക്കണം. എന്നാൽ പടിഞ്ഞാറെ നട ജംഗ്ഷനിലും, അവിടെ നിന്ന് വടക്ക്, തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡുകളിലെ നടപ്പാതകളുടെ നിർമിതി ഗുരുവായൂരിന്റെ ഭാവി വികസനത്തെ പ്രതികൂലമായി

ബാധിക്കുന്നതിനുള്ള സാധ്യതയുണ്ട്

4)റോഡുകളിൽ ടാറിങ്ങ് പ്രവൃത്തികൾ നടത്തുന്നതിന് മുൻപായി നടപ്പാതകളുടെ വശങ്ങളിൽ പെയിന്റിങ്ങ് പ്രവൃത്തികൾ നടത്തിയതിനാൽ. ടാറിങ്ങ് കഴിഞ്ഞാൽ ടി പ്രവൃത്തികൾ ആവർത്തിക്കേണ്ടി വരുകയും ചെലവഴിച്ച തുക വൃഥാവിലാകുകയും ചെയ്യും.

5) 4.5 കോടി രൂപ വകയിരുത്തിയിട്ടുള്ള Sewerage –Construction Of Septage Treatment Plant നിർമ്മാണം നാളിതുവരെയായി ആരംഭിച്ചിട്ടില്ലാത്തതാണ്. നൂറ് കണക്കിന് ലോഡ്ജുകളും, ഹോട്ടലുകളും മറ്റ് വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യം ഗുരുവായൂർ നഗരസഭ നേരിടുന്ന പ്രധാന പ്രശ്നമാണ്. ആയതിനാൽ ടി പ്രവൃത്തിക്ക് മുൻഗണന നൽകേണ്ടതാണ്.

6) 5.5 കോടി രൂപ വകയിരുത്തിയിട്ടുള്ള .Green Space And Park പദ്ധതി പ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽ പാർക്കുകൾ പണികഴിപ്പിച്ചിട്ടുണ്ട്.

* ബ്രഹ്മകുളം പാർക്ക്
* ഭഗത് സിങ്ങ് ഗ്രൗണ്ട്.
* പൂക്കോട് പാർക്ക്
* ചൂൽപ്പുറം പാർക്ക്

- * പൂക്കോട് സാംസ്കാരിക നിലയം പാർക്ക്

ടി പാർക്കുകളെല്ലാം തന്നെ നഗരസഭയോട് കൂട്ടിചേർക്കപ്പെട്ട സമീപ പഞ്ചായത്തുകളിലാണ്. എന്നാൽ നഗരസഭയോട് ചേർന്ന് കിടക്കുന്നതും, ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലും പാർക്കുകൾ വിഭാവനം ചെയ്തിട്ടില്ലായെന്നത് പോരായ്മയാണ്.

- കോടികൾ മുതൽ മുടക്കി നടത്തുന്ന പദ്ധതികൾ ഭാവിയുടെ ആവശ്യങ്ങൾകൂടി നിവർത്തിക്കുന്നതായിരിക്കുന്ന തരത്തിലായിരിക്കണം വിഭാവനം ചെയ്യേണ്ടതെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-42 ജി.എസ്.ടി യിനത്തിൽ അനാവശ്യ ചെലവ് ₹ 314944-

ഓഡിറ്റ് എൻക്വയറി നം. 20/25.1.22

നോട്ടിഫിക്കേഷൻ 12/2017 ( സെൻട്രൽ ടാക്സ് റേറ്റ് ) തിയ്യതി 28-6-17 പ്രകാരം ഗ്രാമ പഞ്ചായത്തിന്, ഏതെങ്കിലും ഗവൺമെന്റ്/ഗവൺമെന്റ് അതോറിറ്റി നൽകുന്ന സേവനങ്ങൾക്ക് GST ഈടാക്കേണ്ടതില്ല.

Services By A Government (Central Govt., State Govt., Union Territory,LSGD Or Govt. Authority ) By Way Of Any Activity In Relation To Any Functions Entrusted To A Panchayat Under Article 243 G Of The Constitution TAX RATE ---- NIL Chapter 99 Sl.no. 5

സംസ്ഥാന സർക്കാർ വിജ്ഞാപനം SRO371/17 സർക്കാർ ഉത്തരവ് (പി)73/17 Taxes Dt.30.06.17, സർക്കാർ ഉത്തരവ് (പി)87/17 Taxes Dt.1.11.17 എന്നിവ പ്രകാരവും ഭരണഘടന ആർട്ടിക്കിൾ 243Wപ്രകാരം മുനിസിപ്പാലിറ്റികളുടെ ചുമതലകളിൽപ്പെട്ട ഇനങ്ങൾക്ക് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് കേന്ദ്ര, സംസ്ഥാന ജി.എസ്.ടി നൽകേണ്ടതില്ല. ("(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution"). അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തോടുകളിൽ നിന്നും കുളവാഴ, ചെളി എന്നിവ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതും മുനിസിപ്പാലിറ്റിയുടെ ചുമതലയിൽപ്പെട്ടതുമായ പ്രവൃത്തികൾക്ക് ജി.എസ്.ടി. യിനത്തിൽ 12% നിരക്കിൽ തുക ചെലവ് ചെയ്തിട്ടുള്ളതായി രേഖകളുടെ പരിശോധനയിൽ കണ്ടു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജ./കരാറുകാരൻ | എം.ബുക്ക് നം. | പ്രവൃത്തിമൂല്യം | GST ഇനത്തിൽ ചെലവുചെയ്ത തുക | വൗ. നം./തിയ്യതി/ തുക |
|---|---|---|---|---|---|
| 1 | 246/21 ചെമ്മണ്ണൂർ തോട് വൃത്തിയാക്കൽ<br>ശ്രീ.K.P. സുധീർകുമാർ | 50/20-21 | 308615- | 37034- | 83<br>തി.12-11-20<br>₹ 345648- |

| | | | | | |
|---|---|---|---|---|---|
| 2 | 252/21 കൊച്ചിൻഫ്രോണ്ടിയർതോട് വൃത്തിയാക്കൽ W 6 ശ്രീ.P. അനിൽ കുമാർ | 236/19-20 | 372542- | 44705- | 99 തി.20-11-20 ₹ 417247- |
| 3 | 253/21 കൊച്ചിൻഫ്രോണ്ടിയർതോട് വൃത്തിയാക്കൽ W 7 ശ്രീ.P. അനിൽ കുമാർ | 237/19-20 | 410547- | 49266- | 100 തി.20-11-20 ₹ 459813- |
| 4 | 254/21ചെമ്പ്രം തോട് വൃത്തിയാക്കൽ W 11 ശ്രീ.C. Vശശി കുമാർ | 309/19-20 | 372737- | 44728- | 97 തി.20-11-20 ₹ 417466- |
| 5 | 255/21 ചെമ്പ്രം തോട് വൃത്തിയാക്കൽ W 21 ശ്രീ.C. Vശശി കുമാർ | 73/20-21 | 392670- | 47120- | 101 തി.20-11-20 ₹ 439791- |
| 6 | 256/21 വലിയ തോട് വൃത്തിയാക്കൽ W 16,18,19 ശ്രീ.CP. വിനോദ് കുമാർ | 304/19-20 | 376008- | 45121- | 98 തി.20-11-20 ₹ 421131- |
| 7 | 257/21 വലിയ തോട് വൃത്തിയാക്കൽ ശ്രീ.CP. വിനോദ് കുമാർ | 235/19-20 | 391433- | 46972- | 96 തി.20-11-20 ₹ 438409- |
| | | | | ₹ 314946- | |

കേന്ദ്ര സർക്കാരിന്റെ മേൽ നിർദ്ദേശത്തിനു വിധേയമായി ₹ 314946-/- തിരികെ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 പ്രൊജ.നം.410/21 തെരുവ് വിളക്ക അറ്റകുറ്റപ്പണി--അപാകതകൾ

നി.ഉദ്യോഗസ്ഥൻ മുനിസിപ്പൽ എഞ്ചിനീയർ

അടങ്കൽ ₹ 26,70,000- (ധനകാര്യകമ്മീഷൻ അവാർഡ് )

കരാർ നം/തിയ്യതി : 125/20 തി. 04.01.20

കരാറുകാരൻ : ശ്രീ. ഫൈസൽ, ഗ്രീടെക്ക് സൊല്യൂഷൻസ്, താനൂർ

പി.എ.സി. തുക ₹ 23,52,370-

വൗ. നം./തിയ്യതി 178 തി.27.02.21 ₹ 13,72,210-

ഓഡിറ്റ് എൻക്വയറി നം. 37 തി. 29.01.22

മുനിസിപ്പാലിറ്റിയിലെ തെരുവു വിളക്കുകൾ യഥാസമയം പരിപാലനം നടത്തുന്നതിന് പ്രതിമാസം ₹ 1,96,030- നിരക്കിൽ 12 മാസതവണകളായി കരാർ തുക ₹ 23,52,370- നൽകുന്നതിനാണ് കരാറിലേർപ്പെട്ടിരുന്നത്. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. അറ്റകുറ്റപ്പണികൾ യഥാസമയം നടന്നിട്ടില്ല

(എ) 27.10.20 ലെ 33-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തെരുവു വിളക്ക അറ്റകുറ്റപ്പണികൾ നടന്നിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) മുനിസിപ്പാലിറ്റി എഞ്ചിനീയർ E4 7778/19 തി.27-5-20 പ്രകാരം കരാറുകാരന് എഴുതിയ കത്തിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ തെരുവു വിളക്ക അറ്റകുറ്റപ്പണികൾ വിവിധ കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ 7-7-20ന് കരാറുകാരൻ നൽകിയ മറുപടിയിൽ കുടിശ്ശിക ജോലികൾ ജൂൺ, ജൂലൈ തുടർന്നുള്ള മാസങ്ങളിലും തീർത്തു വരികയാണെന്ന് അറിയിച്ചിരിക്കുന്നു.

(ഡി) ശ്രീ.രാജൻ വാർഡ് 21, ശ്രീമതി. ലത പ്രേമൻ വാർഡ് 20, ശ്രീ. ആന്റോ തോമസ് വാർഡ് 40 എന്നീ

കൗൺസിലർമാർ കുടിശ്ശിക ജോലികൾ ആഗസ്റ്റ് മാസത്തിലാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സർക്കാർ നിയന്ത്രണങ്ങളെ തുടർന്ന് അറ്റകുറ്റപ്പണികൾ യഥാസമയം നടന്നിട്ടില്ലായെന്നും സർക്കാർ നിയന്ത്രണങ്ങളിൽ അയവു വന്നതിനു ശേഷവും ആവശ്യത്തിന് ജോലിക്കാരെ നൽകി കുടിശ്ശിക ജോലികൾ ന്യായമായ കാലയളവിൽ പൂർത്തീകരിക്കുന്നതിന് കരാറുകാരൻവീഴ്ച വരുത്തിയിട്ടുണ്ടെന്നും ഫയൽ പരിശോധനയിൽനിന്ന് വ്യക്തമാകുന്നു.

2. തെരുവു വിളക്ക അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് പരാതിക്കാർ രേഖപ്പെടുത്തുന്ന റജിസ്റ്ററിൽ മാർച്ച്,ഏപ്രിൽ,മെയ് മാസങ്ങളിലെ രേഖപ്പെടുത്തലുകൾ ഇല്ലായെന്നും രേഖപ്പെടുത്തിയ പരാതികൾ തന്നെ വിരലിലെണ്ണാവുന്നതാണെന്നും പരാതികൾ പരിഹരിച്ചതുമായ വിവരങ്ങൾ അതതിനു നേരെ ചേർത്തിട്ടില്ലായെന്നും കണ്ടു. തെരുവു വിളക്ക അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് സൂക്ഷിച്ചു വരുന്ന മറ്റൊരു

റജിസ്റ്ററിൽ 24-5-20 മുതൽ 1-12-20 വരെയുള്ള രേഖപ്പെടുത്തലുകളാണുള്ളത്. ഈ റജിസ്റ്ററിൽ പരാതികളും ആയത് പരിഹരിച്ചതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതും ഒരാൾ തന്നെയാണ്. പരിശോധനക്ക് ഹാജരാക്കുന്നതിന് തയ്യാറാക്കിയെന്ന് തോന്നിക്കത്തക്കവിധത്തിൽ ഇതിലെ രേഖപ്പെടുത്തലുകൾ തുലോം കുറവാണ്. ഓഡിറ്റ് കാലയളവിൽ 10 ലധികം വാർഡുകളുമായി ബന്ധപ്പെട്ട ഒരു രേഖപ്പെടുത്തൽ പോലും ഇല്ലാത്തതായി പരിശോധനയിൽ കണ്ടു.

3. കരാറുകാരൻ ഏറ്റെടുത്ത ജോലികളിൽവീഴ്ച വരുത്തുന്ന സംഗതിയിൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് കരാറിൽ വ്യവസ്ഥകളൊന്നും ചേർത്തിട്ടില്ല.

മേൽപ്രകാരം അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-44 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

( ഓഡിറ്റ് എൻക്വയറി നം. 16തിയ്യതി 25-1-22)

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നി.ഉദ്യോഗസ്ഥൻ മുനിസിപ്പൽ എഞ്ചിനീയർ

അടങ്കൽ

236/'21 ₹ 12,00,000- ( ധനകാര്യകമ്മീഷൻ അവാർഡ് )

238/'21 ₹ 12,00,000- ( ധനകാര്യകമ്മീഷൻ അവാർഡ് )

526/'21 ₹ 50,00,000- ( മറ്റുള്ളവ )

( ഓഡിറ്റ് എൻക്വയറി നം. 4തിയ്യതി 21-1-22)

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കു വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ താഴെ ചേർക്കുന്നതു പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം. പേരുവിവരങ്ങൾ | ഡെപ്പോസിറ്റ് തുക | വൗ. നം./തിയ്യതി |
|---|---|---|
| 236/21 കുടിവെള്ളവിതരണം-പൈപ്പ് വലിക്കൽ വാ.30 | ₹ 12,00,000- | വൗ. നം. 29തി 22-3-21 |
| 238/21കുടിവെള്ളവിതരണം-പൈപ്പ് വലിക്കൽ വാ.30 | ₹ 10,00,000- | വൗ. നം.30 തി.22-3-21 |
| 526/21കുടിവെള്ളവിതരണം-പൈപ്പ് വലിക്കൽവിവിധ വാർഡുകൾ | ₹ 50,00,000- | വൗ. നം. 31 തി.24-3-,21 |
| ആകെ | ₹ 72,00,000- | |

മേൽസംഗതിയിൽ കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടില്ല. സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റ്,

ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ലാത്തതും പരിശോധനയിൽ കണ്ടു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-46 പ്രൊജ.നം. 415/20-21 നഗരസഭ ഫ്രണ്ട് ഓഫീസ് നവീകരണം-GST കോമ്പൻസേഷന് അർഹതയില്ല:

നി.ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 12,00,000- ( വി.ഫ സാ.വി )

ഭരണാനുമതി 6/ 4-4-2018

സാങ്കേതികാനുമതി 57655 / 17-18 തി. 7-8-17

കരാർ നം./തിയ്യതി 40A 18-19 തി. 29-9-18

കരാർ തുക ₹ 12,00,000- ( എസ്റ്റിമേറ്റ് റേറ്റ് )

കരാറുകാരൻ ശ്രീ.ആർ രഞ്ജിത്ത്

വൗ.നം. 61 തി. 30-7-20 ₹ 674426-

വൗ.നം. 72തി. 14-8-20 ₹ 358712-

അളവുപുസ്തകം 170/18-19,32/19-20

ഓഡിറ്റ് എൻക്വയറി നം. 32 തി.28 -1 -22

1-7-17 നുമുമ്പ് കരാറിലേർപ്പെട്ട പ്രവൃത്തികളിൽ VAT സംവിധാനത്തിൽ നിന്ന് GST യിലേക്ക് മാറുമ്പോൾ കരാറുകാരുടെ അധികഭാരം കുറക്കുന്നതിന് 1%മുതൽ 5 % വരെ GST കോമ്പൻസേഷൻ സ.ഉ. (പി) 87/17 LSGD തി.1-11-17 പ്രകാരം അനുവദിക്കുകയുണ്ടായി.

സർക്കാർ സർക്കുലർ 18/2019 ധന. തി. 1-3-19 പ്രകാരം 15-3-19 മുതൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡക്സ് ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്മേൽ GST ഇനത്തിൽ 12% കരാറുകാർക്ക് പിന്നീട് അനുവദിച്ചു

Ind & PW B 2/176/2019 Fin തി. 22-10-19 പ്രകാരം മേൽ കാര്യങ്ങളെല്ലാം ആവർത്തിച്ചുകൊണ്ട് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, LSGD ചീഫ് എഞ്ചിനീയർക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുള്ളതുമാണ്.

മേൽപ്രകാരം പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചത് 7-8-17ലും കരാറിലേർപ്പെട്ടിട്ടുള്ളത് 29-9-18 ലുമാണ്. GST പ്രാബല്യത്തിലുള്ള കാലയളവിലാണ് സാങ്കേതികാനുമതി ലഭിച്ച് കരാറിലേർപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിൽ VAT സംവിധാനത്തിൽ നിന്ന് GST യിലേക്ക് മാറുന്ന കാര്യം ഇല്ലേയില്ല. ഈ സാഹചര്യത്തിലാണ് ₹ 1102738-ന്റെ

(പ്രവൃത്തി മൂല്യം)3.5% ആയ ₹ 38596-GST കോമ്പൻസേഷൻ ഇനത്തിൽ ഫൈനൽ ബിൽ നൽകുന്ന വേളയിൽ അനർഹമായി നൽകിയിട്ടുള്ളത്.

ഫൈനൽ ബിൽ നൽകിയതുമായി ബന്ധപ്പെട്ട് അളവുപുസ്തകം 32/19-20 പരിശോധിച്ചപ്പോൾ ₹ 66862- ഫസ്റ്റ് & പാർട്ട് ബിൽ നൽകുന്ന വേളയിൽ GST കോമ്പൻസേഷൻ അനുവദിച്ചിരുന്നില്ലായെന്ന് കാണുന്നു. എന്നാൽ ഫസ്റ്റ് & പാർട്ട് ബിൽ നൽകിയ 170/18-19 അളവുപുസ്തകം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അർഹതയില്ലാത്ത കാലയളവിൽ ₹ 38596- GST കോമ്പൻസേഷൻ ഇനത്തിൽ നൽകിയത് ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നഗരസഭ വിവരം ലഭ്യമാക്കിയില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

നഗരസഭ വിവരം ലഭ്യമാക്കിയില്ല.

### 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 81552 |
| Equity Shares | 500000 |
| തൻവർഷം നിക്ഷേപിച്ച തുക | 6116 |
| ആകെ | 587668 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 587668 |

വർഷാവസാനം അവശേഷിക്കുന്ന തുകയുടെ വിവരം .

| തുക | ബാങ്കിന്റെ പേര് |
|---|---|
| 87668 | ഗുരുവായൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 500000 | ഇക്വിറ്റി ഷെയർ |

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 19,42,33,40 | 2003-2004 ഖ. 6-13 | കോൺക്രീറ്റിംഗ് അധിക തുക നൽകിയതിന്, ചെയർപേഴ്സൺ ഫോൺ ചാർജ്ജ് | 27.08.2021 ന് തുകകൾ ഈടാക്കി നടപടി വിശദീകരണ പത്രിക നൽകിയിട്ടുള്ളതാണ് |
| 2000-2001 | 2-16 | 2005-2006 ഖ. 3-17-1 | ഭവന നിർമ്മാണം കോസ്റ്റ് ഫോർഡ് മുഖാന്തിരം തീരുമാനിച്ചതിലുണ്ടായ സാമ്പത്തിക നഷ്ടം | 14.09.2021 ന് നടപടി വിശദീകരണ പത്രിക നൽകിയിട്ടുള്ളതാണ്. |
| 2013-2014 | 48 | 2013-2014 | വനിത കാൻറീൻ , | 29.04.2016 ന് |

| | | | | |
|---|---|---|---|---|
| | | 5-3-5(2), 5(3), 5(4), 5(10) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പൂക്കോട് | നടപടി വിശദീകരണ പത്രിക നൽകിയിട്ടുള്ളതാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 899900529 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 847617608 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 117959 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,17,959 | പ്രകാശ് , പ്രൊജക്ട് ഓഫീസർ<br>ജിഫി ,പ്രൊജക്ട് ഓഫീസർ |
| ആകെ | 117959 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരം മേൽവിലാസം |
|---|---|
| പ്രകാശ്, പ്രൊജക്ട് ഓഫീസർ | ചുവ്വുള്ളപറമ്പിൽ, മേഞ്ഞാങ്ങി പേരാമ്പ്ര കോഴിക്കോട് |
| ജിഫി, പ്രൊജക്ട് ഓഫീസർ | പടമട്ടുമ്മേൽ, കിഴക്കുംപുറം, മനക്കൊടി.പി.ഒ, തൃശ്ശൂർ-680012 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69 | എൽഎഫ്. 2825/ ഇ2(1)70/07.04 |
| 72-73 | എൽ.എഫ് .5176ഇ2 (1)74/ 20.10.77 |
| 73-74 | എൽ.എഫ്. 2963ഇ 2 (1)75/12.11.75 |
| 74-75 | എൽ.എഫ്. 3243ഇ2 (1)76/15.7.76 |
| 75-76 | എൽ.എഫ്.1642 ഇ2 (1)77/2.7.79 |

| | |
|---|---|
| 76-77 | എൽ. എഫ്. 3337.ഇ2 (1)78/23.7.79 |
| 77-78 | എൽ.എഫ്.ടി-4-394/80/8.4.80 |
| 78-79 | എൽ. എഫ്.ടി-4- 1368/812.11.81 |
| 79-80 | എൽ. എഫ്.ടി-4-2098/82/ 25.1.83 |
| 80-81 | എൽ. എഫ്.ടി-4-2520/83 / 21.1.84 |
| 81-82 | എൽ.എഫ്.ടി-4-766/87.28.3.84 |
| 82-83 | എൽ.എഫ്.ടി-4-1214/89/16.8.90 |
| 83-84 | എൽ.എഫ്.ടി-4-1548/90/31.1.91 |
| 84-85 | എൽ.എഫ്.ടി-4-1286/91/6.10.91 |
| 85-86 | എൽ.എഫ്.ടി-4-43/93/20.11.93 |
| 86-87 | എൽ.എഫ്.ടി-4-595/94/24.2.95 |
| 88-89 | എൽ.എഫ്.ടി-4-2014/9531.3.97 |
| 89-90 | എൽ.എഫ്.ടി-4-1020/97/7.10.97 |
| 96-97ചെലവ് | എൽ.എഫ്.ടി-4-1025/97/15.4.98 |
| 96-97 വരവ് | എൽ.എഫ്.ടി-4-994/2001/ 24.11.01 |
| 91-92മുതൽ 95-96വരെ | എൽ.എഫ്.ടി-4-1780/7/10.9.09 |
| 97-98ചെലവ് | എൽ.എഫ്.ടി-4-568/00/3.8.00/ 30.11.00 |
| 97-98വരവ് | എൽ.എഫ്.ടി-4-1779/08/10.9.09 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1209/01/ 12.2.01/ 28.6.02 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1458/0810.9.09 |
| 99-2000ചെലവ് | എൽ.എഫ്.ടി-4-1612/02/3.10.02 |
| 99-2000വരവ് | എൽ.എഫ്.ടി-4-1459/07/ 11.11.07 |
| 2000-01 | എൽ.എഫ്.ടി-4-1461/04/4.3.03 |
| 01-02 വരവ് | എൽ.എഫ്.ടി-4-687/01./5.6.2010 |
| 01-02ചെലവ് | എൽ.എഫ്.ടി-4-1409/0518.5.06/ 17.7.06 |
| 02-03ചെലവ് | എൽ.എഫ്.ടി-4-475/07/8.10.07/ 16.2.08 |
| 02-03വരവ് | എൽ. എഫ്.ടി-4-688/09/5.6.10 |
| 03-04വരവ് | എൽ.എഫ്.ടി-4-689/09/26.6.10 |
| 04-05 വരവ് | എൽ.എഫ്.ടി-4-690/09/26.6.10 |
| 05-06 വരവ്-ചെലവ് | എൽ.എഫ്.ടി-4-691/09/29.6.10 / 31.3.11 |
| 06-07 | എൽ.എഫ്.ടി 4-117/2011/ 10.11.11. |
| 07-08 | എൽ.എഫ്.ടി.എം.-118/11/ 10.11.11 |
| 08-2009 | എൽ.എഫ്.ടി.എം.-2610/11/ 25.6/12 /3.10.12 |
| 2009-2010 | എൽ.എഫ്.ടി.എം.-2611/11/ 25.6.12/3.10.12 |
| 2011-2012 | എൽ.എഫ്.ടി.എം.150/1230.6.12/ 8.8.12 |
| 2011-12 | എൽ.എഫ്.ടി.എം.77/2013/ 13.413/2.9.13 |

| | |
|---|---|
| 2012-13 | എൽ.എഫ്.ടി.എം.836/14 തിയതി.04.02.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം) 1434/15 തി. 16.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം) 1402/116 തി. 09.08.2016. |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(എം) 56/2017 തി. 31.01.2017. |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(എം) 1723/2017 തി. 05.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(എം)837/19 തീ. 10.07.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(എം)502/20 തീ.10.06.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(എം2)293/2022, തീയതി.06.06.2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്